KANDANAD
# DIOCESAN BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 1 No. 12, 15 December 2013

എഡിറ്റോറിയൽ

## അനുഭവങ്ങൾ പാഠമാക്കാം

**2008** മെയ് 15 രാത്രിയിൽ ഡൽഹിയിലെ നോയിഡയിൽ ഒരു ഇരട്ടക്കൊലപാതകം നടന്നു. ദന്തഡോക്ടർ ദമ്പതികളായ രാജേഷ് തെൽഹാർ നൂപൂർ തെൽഹാർ എന്നിവരുടെ 14 കാരി ഏകമകൾ ആരുഷിയും അവരുടെ വീട്ടുവേലക്കാരൻ നേപ്പാളി 45 വയസ്സുള്ള ഹേംരാജുമാണ് അന്ന് വധിക്കപ്പെട്ടത്. ഈ കൊലപാതകക്കേസിന്റെ വിധി അഞ്ചര വർഷങ്ങൾക്കു ശേഷം കഴിഞ്ഞ നവംബർ 26 ന് ഗാസിയാബാദ് സി.ബി.ഐ. സ്പെഷ്യൽ കോടതി പ്രഖ്യാപിച്ചു. പ്രതികളായ ഡോക്ടർ ദമ്പതികൾ ജീവപര്യന്തം തടവിനു ശിക്ഷിക്കപ്പെട്ടിരിക്കുന്നു. വധ ശിക്ഷ നൽകാത്തതിനു മുഖ്യകാരണം പ്രതികൾ പൊതു ഭീഷണിയല്ലാത്തതാണെന്ന് വിധിന്യായത്തിൽ പറയുന്നുണ്ട്. ഈ കേസുമായി ബന്ധപ്പെടുത്തി ചിലചിന്തകൾ മാന്യവായനക്കാരുമായി പങ്കുവയ്ക്കുകയാണെന്ന് ഈ മുഖക്കുറിപ്പിന്റെ ഉദ്ദേശ്യം.

എല്ലാ മാതാപിതാക്കളേയും പ്രത്യേകിച്ച് പെൺമക്കളുള്ള അച്ഛനമ്മമാരെ-ഞെട്ടിക്കുകയും കരയിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത സംഭവമായിരുന്നു ആ കൊലപാതകം. നമ്മുടെ ചിന്തയ്ക്കു വിഷയമാകേണ്ട അനേക കാര്യങ്ങൾ അത് ഉൾക്കൊള്ളുന്നു. ഒന്നാമത്തെ വസ്തുത കൊലപാതകം നടത്തിയതായി കോടതി കണ്ടെത്തിയവർ വധിക്കപ്പെട്ട പെൺകുട്ടിയുടെ മാതാപിതാക്കൾ തന്നെ ആണെന്നുള്ളതാണ്. അച്ഛനമ്മമാർ-വിശേഷിച്ച് വിദ്യാസമ്പന്നരും ഉന്നത സ്ഥാനികളുംമായവർ-തങ്ങളുടെ ഒരേഒരു കുട്ടിയെ കുരുതി കഴിക്കുക എന്നത് അചിന്തനീയമായ ഒരു കാര്യമാണ്. അവർ അതിന് തുനിയേണ്ടി വന്ന സാഹചര്യം അതി ദൈന്യമെന്നു കരുതണം. ആ മകളുടെ നല്ല വിദ്യാഭ്യാസത്തിനും ഭാവിക്കും വേണ്ടിയായിരുന്നുപോലും അവർ നോയിഡയിൽ വന്നു താമസമുറപ്പിച്ചതുതന്നെ. പതിനഞ്ചുവസന്തങ്ങൾ പോലും കാണാത്ത ആ ബാലിക തന്റെ മാതാപിതാക്കളെ ഇത്രയ്ക്ക് കോപാന്ധരാക്കിയ സാഹചര്യം ചിന്തിക്കേണ്ടതുണ്ട്. ഒപ്പം തന്നെ വിവേകം വന്നണയാൻ പ്രായമാകാത്ത ആ കൗമാരക്കാരിയുടെ കുറ്റകൃത്യം എന്തു തന്നെയായിരുന്നാലും മരണം കൊണ്ടു പകരം വീട്ടിയ അവിവേകത്തെ അപലപിക്കേണ്ടതുമുണ്ട്. കൊലചെയ്യപ്പെട്ട മറ്റേയാൾ ആ വീട്ടിലെ ഭൃത്യനാണ്. സമ്പത്തും ആഭിജാത്യവുമുള്ള തങ്ങളുടെ മകൾ വേലക്കാരനുമായി പ്രണയബദ്ധയാവുക സ്നേഹനിധികളായ അച്ഛനമ്മമാർ പൊറുക്കുന്നതെങ്ങനെ? അയാൾ ഏതാണ്ട് അവർക്കൊപ്പം മധ്യവയസ്ക്കനും കൂടിയാവുമ്പോൾ സ്ഥിതി എന്താകും? പക്വതപ്രായമായ ഭൃത്യൻ കേവലം കൗമാരപ്രായക്കാരിയായ പെൺകുട്ടിയുടെ ജഡാസക്തിയും തിരിച്ചറിവില്ലായ്മയും മുതലെടുത്ത് ലൈംഗികവേഴ്ചയ്ക്കുകളമൊരുക്കിയെങ്കിൽ അയാളുടെ പക്ഷത്ത് അതീവ ഗുരുതരവും അക്ഷന്ത്യവുമായ തെറ്റുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ വേഴ്ചയ്ക്കു പിന്നിൽ കാമപൂരണമെന്ന നൈമിഷിക അനുഭൂതിക്കുപരി തന്റെ യജമാനന്റെ സമ്പത്തിലും സാമൂഹിക ഔന്യത്തിലുമൊക്കെ കണ്ണുവച്ചുകൊണ്ടുള്ള നീക്കം കാണാതെ തരമില്ല. ഇതു മനസ്സിലാക്കി തൽവാർ ദമ്പതികൾ അവരുടെ കുട്ടിയേയും സേവകനെയും പലവട്ടം താക്കീതു ചെയ്തിട്ടുള്ളതുമാണെങ്കിൽ ഈ കൊലപാതകത്തിൽ അവരുടെ നേർക്ക് ഒരു മാർദ്ദവ മൂലരൂപം കൊള്ളുന്നു. സമാന സംഭവങ്ങളിൽ സ്വന്തം സന്താനത്തെ ഒഴിവാക്കിക്കൊണ്ട് അപരനെ ഇല്ലായ്മ ചെയ്യുന്ന ക്രൂരത മറ്റു മാതാപിതാക്കൾ പ്രകടമാക്കാറുള്ളപ്പോൾ തൽവാർ ദമ്പതികൾ അതിനു തയ്യാറായില്ലാ എന്നതും അവരെ വിത്യസ്തരാക്കുന്നു.

പ്രണയം അന്ധമാണെന്നു പറയാറുണ്ട്, മുതിർന്നവരിൽ പോലും. ആ നിലയ്ക്ക് ജീവിതവും വൈവാഹിക ജീവിതവുമൊക്കെ എന്തെന്നറിയാതെ സ്വപ്നലോകത്ത് അനുഭൂതികളിൽ പറന്നു രസിക്കുന്ന കൗമാരക്കാരെ വശീകരിച്ച് ലൈംഗീക ചൂഷണം നടത്തുകയും വിവാഹബന്ധത്തിൽ വീഴ്ത്തുകയുമൊക്കെ ഏറെ എളുപ്പമാണ്. പ്രായത്തിൽ മൂന്നിരട്ടിയിലധികം അന്തരമുള്ള ഹേംരാജ് കേവലം 14 കാരിയും യജമാന പുത്രിയുമായ ആരുഷിയെ അടിപ്പെടുത്തിയത് ഈ ദൗർബല്യം മുതലെടുത്തായിരിക്കണം. അതിനായി ദൈന്യതയും, നിരാലംബതയും, തിരസ്കൃതത്വവും എല്ലാം അയാൾ ആ ബാലികയുടെ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**അനുഭവങ്ങൾ പാഠമാക്കാം** ........................ 1

**സ്ത്രീസ്വത്വം: ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടിൽ – 4** .................................. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**തിരുജനന സന്ദേശം** ................................ 7
ഫാ. ഗീവർഗീസ് കെ. കുന്നംകുളം

**ആൽക്കഹോൾ വാക്സിൻ** ....................... 10
ഐശ്വര്യ ജോൺ

**കൽദായ സഭയിലെ പിളർപ്പും ഐക്യവും** ....... 11
വർഗീസ് ജോൺ, തോട്ടപ്പുഴ

**എല്ല്** ................................................ 13
ഡോ. ചാണ്ടി പോൾ

**അനുകരണശ്രുതി** ................................ 14
ഫാ. അബി ഉലഹന്നാൻ

**വാർത്തകൾ അറിയിപ്പുകൾ** ................. 15 – 16


മുമ്പിൽ തന്മയത്വത്തോടെ അഭിനയിച്ചു കാണും. മറിച്ച് ആരുഷിയിൽ നിന്ന് ഏതെങ്കിലും മുന്നേറ്റം നടന്നിട്ടുണ്ടെങ്കിൽ അതിനെ നിരുത്സാഹപ്പെടുത്തി സദുപദേശം നൽകി പിന്തിരിപ്പിക്കേണ്ട പ്രായം അയാൾക്ക് ഉണ്ടായിരുന്നു താനും. ഏതാണ്ട് അവരോടൊപ്പം പ്രായമുള്ള വേലക്കാരനെ മകളോട് അടുത്ത് ഇടപഴകാൻ അനുവദിച്ചു പോയതിലും തൽവാർ ദമ്പതികളെ നൂറുശതമാനം കുറ്റപ്പെടുത്താൻ കഴിയുന്നില്ല.

ഈ ഇരട്ടക്കൊലപാതകം ഒഴിവാക്കുന്നതിന് ഏതെല്ലാം പോംവഴികളാണ് തൽവാർ ദമ്പതികൾക്കുണ്ടായിരുന്നത്? തുറന്ന മനസ്സോടെ അവരെ സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാൻ വിടുകയാണ് ഒന്ന്. അങ്ങനെ ചെയ്യുന്ന പക്ഷം മകളുടെ വിദ്യാഭ്യാസം പൂർത്തീകരിച്ച് അവളെ എത്താൻ കഴിയുമായിരുന്ന നിലയിൽ എത്തിക്കുവാൻ കഴിഞ്ഞില്ലെന്ന ഇച്ഛാഭംഗം ആ മാതാപിതാക്കൾക്ക് ശിഷ്ടായുസ്സുമുഴുവൻ പേറി നടക്കേണ്ടി വരുമായിരുന്നു. വേലക്കാരൻ മരുമകന്റെ പദവിയിലെത്തിക്കഴിഞ്ഞാൽ അവന്റെ മനോഭാവം മാറാനായിരുന്നു സാധ്യത. വൈവാഹികജീവിതത്തിന്റെ പുതുമതീരുമ്പോൾ മറുനാട്ടുകാരനായ അയാൾ ഭാര്യയുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങി സ്വന്തം നാടായ നേപ്പാളിലേയ്ക്കോ മറ്റോ മടങ്ങിയാൽ ആരുഷി ജീവിച്ചിരിക്കുമ്പോൾ തന്നെ ഓർമ്മയായി മാറുന്ന അനുഭവമാണ് മാതാപിതാക്കൾക്കുണ്ടാകുക. പോരാത്തതിന് അവർ തമ്മിലുള്ള പ്രായവിത്യാസം മൂന്നിരട്ടിയിലധികവും. ഇതൊക്കെ ഏത് മാതാപിതാക്കളേയും ഭസ്മീകരിക്കുന്ന വസ്തുതകളാണ്. മറ്റൊരു പോംവഴി ബലം പ്രയോഗിച്ച് അവരുടെ ബന്ധം തടയാൻ ശ്രമിക്കുകയായിരുന്നു. അതിനായി മകളെ വിദൂരസ്ഥലത്ത് മാറ്റിപ്പാർപ്പിക്കുകയൊ വേലക്കാരനെ പുറത്താക്കുകയോ ചെയ്യാമായിരുന്നു. എന്നിരുന്നാലും അകലം ബന്ധത്തിന് ബാധകമല്ലാത്ത ഇക്കാലത്ത് ഈ ശ്രമം വിജയിക്കണമെന്നുമില്ല. പരപുരുഷനുമായി ലൈംഗിക വേഴ്ചയുണ്ടായിട്ടുള്ള മകളെ സത്യാവസ്ഥ മറച്ചു വച്ച് നിരപരാധിയായ മറ്റൊരുവന് വിവാഹം ചെയ്തു കൊടുക്കുന്നതും ഗൗരവമേറിയ ചതി തന്നെയാണ്. അങ്ങനെ ചെയ്യുന്നവരെ ജീവിതാന്ത്യം വരെ കുറ്റബോധം പിൻതുടരുകയും ചെയ്യും. ഈ വിധ ചിന്തകളും ഈ ബന്ധത്തിലുണ്ടാകുന്ന അഭിമാന നഷ്ടവുമെല്ലാം ജനിപ്പിച്ച ക്ഷിപ്രകോപത്തിലായിരിക്കാം ആ ദമ്പതികൾ ഈ അറുംകൊല ചെയ്യാൻ ഇടവന്നത്. എന്നാൽ അവർ തങ്ങളുടെ വികാരവിക്ഷോഭത്തിൽ സ്വീകരിച്ച അറ്റ നടപടി അവർക്കു കൂടുതൽ വിനയേ വരുത്തുകയുള്ളൂ എന്നത് മറ്റൊരു സത്യം.

വിവാഹമോചനവും പുനർ വിവാഹവുമൊക്കെ നമ്മുടെ നാട്ടിലും നടക്കുന്നുണ്ടെന്നതു ശരിയാണെങ്കിലും വിവാഹപൂർവ്വ ലൈംഗിക ബന്ധത്തെ നമ്മുടെ സംസ്ക്കാരം അംഗീകരിക്കുന്നില്ല. മാത്രമല്ല അക്കാര്യത്തിൽ സ്ത്രീപങ്കാളിക്ക് കൂടുതൽ കുറ്റം കൽപിക്കപ്പെടുകയും ചെയ്യുന്നു. മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും ഇലയ്ക്കല്ലേ

*(ശേഷം 6–ാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**

# സ്ത്രീസ്വത്വം: ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടിൽ-4

സ്ത്രീസ്വത്വം സംബന്ധിച്ചു വേദശാസ്ത്ര യുക്തികളൊന്നും യേശു അവതരിപ്പിക്കുന്നതായി സുവിശേഷങ്ങളിൽ കാണുന്നില്ല. അതുകൊണ്ട് ഒരു സ്ത്രീ കഥാപാത്രത്തെ ഉൾപ്പെടുത്തി യേശു നടത്തിയ സൗഖ്യദാന കഥയുടെ അവതരണത്തോടെ സുവിശേഷങ്ങളിലെ സ്ത്രീ സ്വത്വാന്വേഷണം ആരംഭിക്കാം. ലൂക്കോസിന്റെ സുവിശേഷം 13.10-17 വരെയുള്ള ഭാഗത്ത് യേശു ഒരു കൂനിയെ സുഖപ്പെടുത്തുന്നതാണ് പ്രമേയം. സ്ത്രീയുടെ അഭ്യർത്ഥന പ്രകാരമല്ല സൗഖ്യദാനം. അവൾക്കു സുഖം പ്രാപിക്കണമോ എന്ന സാധാരണ ചോദ്യവും യേശു ഉന്നയിക്കുന്നില്ല. ആ സ്ത്രീയ്ക്ക് വിശ്വാസമുണ്ടോ എന്ന അന്വേഷണം ക്രിസ്തുവിൽ നിന്നോ സുവിശേഷകനിൽ നിന്നോ ഉണ്ടാകുന്നുമില്ല. സുഖം പ്രാപിച്ച സ്ത്രീ കഥയിൽ ആദ്യന്തം പൂർണ്ണ നിശബ്ദത പാലിക്കുന്നു. ഈ സാഹചര്യത്തിൽ യേശു ഈ സുഖപ്പെടുത്തൽ കർമ്മം നടത്തിയത് പ്രത്യേക താത്പര്യത്തിലും മന:പൂർവ്വവുമായിരുന്നു (intentional) എന്നത് വ്യക്തം.

യേശു ആ തരത്തിൽ ഒരു അത്ഭുതം പ്രവർത്തിക്കുന്നെങ്കിൽ അതിന്റെ പിന്നിൽ ഉണ്ടായിരുന്ന ഉദ്ദേശ്യം അന്വേഷിക്കേണ്ടതുണ്ട്. കൂന് ആ സ്ത്രീയ്ക്ക് ജൻമനാ ഉള്ളതല്ല. പതിനെട്ട് വർഷമായി അവളെ ബാധിച്ചിരുന്ന ഒരു രോഗമാണ്. അതുകൊണ്ട് അത് അവൾക്ക് ജീവിതത്തിൽ ഏതോ ഒരു ഘട്ടത്തിൽ ആരംഭിച്ച ഒരു ശാരീരിക ബന്ധനമാണ്. എന്നാൽ ശാരീരികമായ വൈകല്യം സൂചിപ്പിക്കുന്ന വ്യക്തി വിവരണത്തിനപ്പുറെ സ്ത്രീ സമൂഹത്തിന്റെ ചരിത്രത്തിൽ ഉരുത്തിരിഞ്ഞ സ്ത്രീയുടെ അടിമത്താനുഭവത്തിന്റെ സൂചകമായി അവളുടെ കൂനിനെ മനസ്സിലാക്കാവുന്നതാണ്. സ്വയം ഇല്ലാതായി സ്വത്വനാശത്തിന്റെ വക്കിലെത്തിയ സ്ത്രീത്വത്തിന്റെ നിശബ്ദത ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. പ്രതീക്ഷയും ഭാവിയും നഷ്ടമായ സ്ത്രീസമൂഹത്തിന്റെ പ്രതിനിധിയാണവൾ. അതുകൊണ്ട് അവളുടെ ആഗ്രഹവും താത്പര്യവും കർത്താവ് അന്വേഷിക്കുന്നില്ല. കാരണം അവ അവൾക്കിതിനോടകം നഷ്ടമായിരുന്നു. ദൈവരാജ്യത്തിന്റെ പരിചരണമാണ് ക്രിസ്തു ഇവിടെ നടത്തുന്നത്. പ്രതീകാത്മകമായ യേശുവിന്റെ ഇടപെടൽ വ്യക്തിക്കു നൽകുന്ന സൗഖ്യദാനത്തിന് അതീതമായ ചില സൂചനകൾ നൽകുന്ന പ്രവൃത്തിയാണിത്. ദീർഘകാല ചരിത്രത്തിൽ നീതിയും പുരുഷനുമായുള്ള തുല്യതയും നഷ്ടമായി കൂന് ബാധിച്ച സ്ത്രീത്വത്തിന് നിവർന്നു നിൽക്കുവാൻ പ്രാപ്തിയും സ്വയം നിർണ്ണയ സ്വാതന്ത്ര്യവും നൽകുന്ന നടപടിയായി ഇതിനെ വിലയിരുത്തേണ്ടതുണ്ട്. ''സ്ത്രീയേ നിന്റെ രോഗത്തിൽ നിന്ന് നീ സ്വതന്ത്രയായിരിക്കുന്നു'' എന്നു പറഞ്ഞ് യേശു അവളെ സ്പർശിച്ചു സുഖപ്പെടുത്തുകയാണ്. അടിമത്ത ഭാരത്താൽ വളഞ്ഞു നിലത്തു മുട്ടിയ ആ സ്ത്രീയെ നിവർത്തുമ്പോൾ സ്ത്രീത്വത്തിന്റെ നട്ടെല്ല് നേരെയാക്കി വ്യക്തിത്വവും സ്വത്വബോധവും വീണ്ടെടുത്ത് കൊടുക്കുകയാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെയും സ്വാശ്രയത്തിന്റെയും പ്രതീകമായി നട്ടെല്ല് നിവർത്തി സ്ത്രീത്വത്തിന്റെ മോചനവും സ്വാതന്ത്ര്യവും ഉറപ്പിക്കുന്നു. പുരുഷാധിപത്യ വ്യവസ്ഥിതിയിൽ ആണിന്റെ ഔദാര്യമായി പരിഗണിക്കപ്പെടുന്ന സ്ത്രീ സുരക്ഷിതത്വത്തിന്റെ നിലനിൽപ്പല്ല തന്റെ ദൈവരാജ്യ സംവിധാനത്തിൽ ക്രിസ്തു ആഗ്രഹിക്കുന്നത്. നേരെ മറിച്ച് സ്വന്തം കാലിൽ നിവർന്നു നിൽക്കുന്ന അനാശ്രയ വ്യക്തിത്വമായി സ്ത്രീ അംഗീകരിക്കപ്പെടണം എന്നതാണ് യേശുവിന്റെ ഉദ്ദേശ്യം.

കൂനിയെ പരാമർശിക്കുവാൻ രണ്ട് പദങ്ങളാണ് യേശു ഇവിടെ ഉപയോഗിക്കുന്നത്. 1. 'സ്ത്രീയേ' എന്ന യേശുവിന്റെ സംബോധന (ലൂക്കോ. 13.11) 2. 'അബ്രാഹാമിന്റെ മകൾ' എന്ന പരാമർശം (ലൂക്കോ.13.16) സാധാരണപ്രയോഗത്തിൽ സ്ത്രീ എന്ന പദത്തിന് അതിന്റെ സാധാരണ അർത്ഥത്തിൽ കവിഞ്ഞ സൂചനകളൊന്നുമില്ല. എന്നാൽ ക്രിസ്തുവിന്റെ പദപ്രയോഗങ്ങളിലും വെളിപാട് പുസ്തകത്തിലും അതിൽ കവിഞ്ഞ അർത്ഥ സൂചനകളുണ്ട്. വെളിപാട് പുസ്തകത്തിൽ (വെളി. 19.7,21.9), ഈ പദം സഭയെ സൂചിപ്പിക്കുന്നു. എന്നാൽ ഈ അർത്ഥം യോഹന്നാന്റെ സുവിശേഷത്തിലും കണ്ടെത്താവുന്നതാണ്. യോഹന്നാന്റെ ഭാഷാ പ്രയോഗങ്ങൾ പലപ്പോഴും പ്രതീകാത്മകമാണ്. ക്രൂശിതനായ യേശു കുരിശിനരികെ നിന്നിരുന്ന യോഹന്നാനും തന്റെ മാതാവിനും നിർദ്ദേശം നൽകുന്നു: ഇത് നിന്റെ അമ്മ, സ്ത്രീയേ ഇതു നിന്റെ മകൻ. അന്നു മുതൽ ശിഷ്യൻ അവളെ കൂടെപ്പാർപ്പിച്ചു. പ്രിയ ശിഷ്യൻ ശിഷ്യസമൂഹത്തിന്റെ പ്രതീകമാണ്, സ്ത്രീ സഭയുടേയും. കർത്താവിന്റെ ശിഷ്യ സമൂഹത്തിന്റെ മാതാവ് സഭയാണ്. സഭയുടെ മക്കൾ ശിഷ്യസമൂഹവും. ആ കൂട്ടായ്മയിൽ അവർ കഴിയണം എന്നു സൂചന. കാനാവിലെ കല്യാണത്തിന് യേശു ചോദിക്കുന്നു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? പിതാവിന്റെ പദ്ധതിയിൽ ഇടപെടാനോ മാറ്റം വരുത്തുവാനോ ക്രിസ്തുവിനോ സഭയ്ക്കോ കാര്യമില്ല എന്നത് യോഹന്നാൻ ഓർമ്മപ്പെടുത്തുകയാണ്. സീറോ-ഫൊയ്നീഷ്യൻ സ്ത്രീയോട് കർത്താവ് സ്ത്രീയേ നിന്റെ വിശ്വാസം വലുത് എന്ന് പറയുന്നു. വിശ്വാസസമൂഹ

സ്ത്രീകൾക്കെന്തെങ്കിലും അറിയണമെങ്കിൽ വീട്ടിൽ വച്ച് ഭർത്താക്കന്മാരോട് ചോദിച്ച് മനസ്സിലാക്കട്ടെ എന്ന പൗലോസിന്റെ മനോഭാവമല്ല ക്രിസ്തുവിന്റേത്. യേശു തന്റെ പ്രധാനപ്പെട്ട വേദശാസ്ത്ര ചർച്ചകളെല്ലാം നടത്തുന്നത് സ്ത്രീകളുമായിട്ടാണ്. തന്നെപ്പറ്റിയുള്ള പ്രധാന വെളിപ്പെടുത്തലുകൾ പലതും നടത്തുന്നതും സ്ത്രീകളുമായിട്ടാണ്. സത്യത്തിലും ആത്മാവിലുമുള്ള യഥാർത്ഥ ആരാധനയെക്കുറിച്ച് യേശു സംസാരിക്കുന്നത് ശമര്യസ്ത്രീയുമായിട്ടാണ്. (യോഹന്നാൻ 4.23). മനുഷ്യന് ഒരിക്കലും ദാഹം അനുഭവിക്കേണ്ടി വരാത്ത ജീവജലത്തിന്റെ ഉറവിനെപ്പറ്റി വെളിപ്പെടുത്തുന്നതും അവളോടു തന്നെ (യോഹന്നാൻ 4.14). മ്ശിഹായാണ് താനെന്ന് സ്വയം വെളിപ്പെടുത്തുന്നതും ശമര്യക്കാരിയുടെ മുമ്പിൽ തന്നെ. അതാകട്ടെ മോശയ്ക്ക് ദൈവം സ്വയം വെളിപ്പെടുത്തിയ ഭാഷാപ്രയോഗത്തിൽ തന്നെ "ഞാൻ തന്നെ അവൻ." ക്രിസ്തു ഒരു അപരിചിത സ്ത്രീയുമായി എന്തു സംസാരിക്കുന്നു എന്നോ എന്തിനു സംസാരിക്കുന്നു എന്നോ ശിഷ്യൻമാർക്ക് സംശയം മനസ്സിൽ തോന്നിയെങ്കിലും അതു ചോദിക്കുവാൻ അവർ ധൈര്യപ്പെടുന്നില്ല. അതായത് അത്ര ഗൗരവമേറിയ വെളിപ്പെടുത്തലുകൾ നടത്തുന്നത് സാമൂഹിക മതനിയമങ്ങൾ ലംഘിച്ചുകൊണ്ട് ഒരു അന്യ സമുദായക്കാരിയായ സ്ത്രീക്കാണെന്നോർക്കുക. അവൾ കർത്താവ് പറയുന്നതെല്ലാം മനസ്സിലാക്കുന്നു. എന്നാൽ പുരുഷൻമാരോട് ചുരുക്കമായെങ്കിലും ഇത്തരം വിഷയങ്ങൾ സംസാരിക്കുമ്പോൾ അവരുടെ അജ്ഞത യേശുവിനെ അദ്ഭുതപ്പെടുത്തുന്നു. നിക്കോദീമോസുമായിട്ടുള്ള യേശുവിന്റെ സംസാരം (യോഹ. 3.1-15), തോമസും ഫീലിപ്പോസും ആയിട്ടുള്ള ചർച്ചകൾ (യോഹ. 14.5-6, 14.8-10) എന്നിവ അവയ്ക്ക് ഉദാഹരണമാണ്.

വീണ്ടും ബഥന്യയിലെ ലാസറിന്റെയും മാർത്തുയുടേയും സഹോദരി മറിയയുമായി കർത്താവ് നടത്തുന്നത് എന്തോ ഗഹനമായ സംസാരമാണ് (ലൂക്കോസ് 10.3842). സംസാരത്തിന്റെ ഉള്ളടക്ക വിശദാംശങ്ങൾ സുവിശേഷകന് അജ്ഞാതമാണ്. മറിയ യേശുവിന്റെ പാദത്തിങ്കൽ ഇരുന്ന് അവൻ പറയുന്നത് ശ്രദ്ധയോടെ കേട്ടിരുന്നതായി ലൂക്കോസ് പറയുന്നുണ്ട് (ലൂക്കോസ് 10.39). പശ്ചാത്തലത്തിൽ നിന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ തന്നെയാണ് കർത്താവ് വെളിപ്പെടുത്തുന്നത് എന്ന സൂചനയാണ് ഉള്ളത്.

ലാസറിന്റെ മരണശേഷം ബഥാന്യയിൽ യേശു ശിഷ്യൻമാരുമായി എത്തുന്നു. അവിടെ യേശു മർത്തയ്ക്ക് താൻ തന്നെയാണ് പുനരുത്ഥാനവും ജീവനും എന്നു വെളിപ്പെടുത്തുന്നു. തുടർന്ന് യേശു പറയുന്നു: എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാൽ തന്നെയും ജീവിക്കും. എന്നിൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുന്നവർ ഒരു നാളും മരിക്കുകയില്ല. ഇവിടെ യേശുവിലുള്ള വിശ്വാസവും അവനോടുള്ള കൂട്ടായ്മയും ആണ് നിത്യതയുടെ ആധാരമെന്ന മൗലീക വെളിപ്പെടുത്തൽ നടത്തുന്നതും ഒരു സ്ത്രീയുമായിട്ടുള്ള സംസാരത്തിലാണെന്നോർക്കുക.

ഈ വേദഭാഗങ്ങൾ എല്ലാം ശ്രദ്ധാർഹമാണ്. ശിഷ്യൻമാരുടെ അതൃപ്തി വക വയ്ക്കാതെ തന്നെ യേശു സ്ത്രീകളുമായി സംസാരിക്കുന്നു. വളരെ ഗൗരവമായ വേദശാസ്ത്ര വിഷയങ്ങൾ സംബന്ധിച്ച് സംവദിക്കുവാൻ പങ്കാളികളായി സ്ത്രീകളെ തെരഞ്ഞെടുക്കുന്നു. യേശുവിന്റെ വ്യക്തിത്വം സംബന്ധിച്ച അടിസ്ഥാന വെളിപ്പെടുത്തലുകൾ നടത്തുന്നത് സ്ത്രീകളുമായിട്ടാണ്. പുരുഷൻമാരിൽ നിന്ന് വ്യത്യസ്തരായി അവർ യേശു പറയുന്നത് മനസ്സിലാക്കുകയും ചെയ്യുന്നു. അതായത് മത- സാമൂഹിക ജീവിത രംഗങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം അവഗണിക്കുന്ന വ്യക്തിയായിരുന്നില്ല യേശു. സ്ത്രീകളുടെ വ്യക്തിത്വം അംഗീകരിക്കാത്ത, അവരുമായി പരസ്യമായി സംസാരിക്കുന്നത് അഭിലഷണീയമല്ല എന്നു കരുതിയ ഒരു യാഥാസ്ഥിതിക സമൂഹത്തിന്റെ പ്രതിനിധിയാണ് തന്റെ മുമ്പിൽ നിൽക്കുന്ന സ്ത്രീ എന്നു സൂചന. സഭയുടെ അഥവാ വിശ്വാസസമൂഹത്തിന്റെ പ്രതീകമായി കർത്താവ് സ്ത്രീയെ പരാമർശിക്കുമ്പോൾ കൂനിയായ സ്ത്രീയുടെ സൗഖ്യം എന്നത് വിശാല അർത്ഥത്തിൽ വിശ്വാസസമൂഹത്തിന്റെയും പ്രത്യേക അർത്ഥത്തിൽ സഭയിലെ സ്ത്രീ വിശ്വാസികളുടെ വീണ്ടെടുപ്പിന്റേയും കാര്യമായി മനസ്സിലാക്കാവുന്നതാണ്.

കൂനിയെ കർത്താവ് 'അബ്രാഹാമിന്റെ മകൾ' എന്ന പദം കൊണ്ടാണ് പരാമർശിക്കുന്നത്. അബ്രാഹം വിശ്വാസത്തിന്റെയും വാഗ്ദത്തത്തിന്റെയും രക്ഷയുടേയുമെല്ലാം പ്രതീകമാണ്. കൂനിയെ അബ്രാഹാമിന്റെ മകൾ എന്ന് (സഖായിയെ അബ്രാഹാമിന്റെ മകൻ എന്നു വിളിക്കുന്നത് ഓർക്കുക.) വിളിക്കുമ്പോൾ അവൾ പൂർവ്വ പിതാവിന്റെ വിശ്വാസത്തിനും വാഗ്ദത്തത്തിനും രക്ഷയ്ക്കും തുല്യ അവകാശിയാണ് എന്നാണ് അർത്ഥം. ആ അവകാശത്തിൽ വിവേചനമില്ല. സ്ത്രീയേയും പുരുഷനേയും ഉൾക്കൊള്ളുന്നതാണ് അബ്രാഹാമിന്റെ മക്കളുടെ സമൂഹം. അതായത് സഭ. സാത്താന്റെ ബന്ധനത്തിൽ അടിമത്തം അനുഭവിച്ച ശിഷ്യസമൂഹത്തിന്റെയും പുരുഷാധിപത്യത്തിൽ സ്വത്വം നഷ്ടപ്പെട്ട സ്ത്രീ സമൂഹത്തിന്റെയും വീണ്ടെടുപ്പാണ് ഇവിടെ പരാമർശിക്കുന്നത്. ഈ വിമോചനത്തെ എതിർക്കുന്ന സംഘാലയ പ്രമാണി, ഔദ്യോഗിക മതനേതൃത്വത്തിന്റെ പ്രതീകമാണ്. അയാളെ വിമർശിക്കുന്ന യേശു മതത്തിന്റെ വിവേചനപരമായ കാപട്യവും ഇരട്ടത്താപ്പും വെളിവാക്കുകയാണ്. ചുരുക്കത്തിൽ പുരുഷാധിപത്യത്തിൽ കഴിഞ്ഞ വിശ്വാസസമൂഹത്തിന്റെ ഭാഗമായ സ്ത്രീകളുടെ സ്വാതന്ത്ര്യവും ഉയിർത്തെഴുന്നേൽപ്പും സൂചിപ്പിക്കുകയാണ് ആവശ്യപ്പെടാതെ നടന്ന സൗഖ്യദാനത്തിലൂടെ കർത്താവ് നിർവ്വഹിക്കുന്നത്.

ത്തിന്റെ മൂല്യ-മത ശാസനകൾ ലംഘിച്ചുകൊണ്ടാണ് സ്ത്രീകളോട് യേശു സംസാരിക്കുന്നത്. മാത്രമല്ല മൗലീകമായ വേദശാസ്ത്ര വിഷയങ്ങൾ അവരുമായി യേശു സംസാരിക്കുക എന്നത് അത്യന്തം വിപ്ലവകരമായ ഒരു നിലപാടായിരുന്നു എന്നത് വ്യക്തം. സ്ത്രീയ്ക്ക് മത-സാമൂഹിക ജീവിത തലങ്ങളിൽ ക്രിസ്തു നൽകുന്ന അംഗീകാരത്തിന്റെ സൂചനയായി ഇവ പരിഗണിക്കേണ്ടതാണ്.

യേശുവിനെ തൈലം പൂശുന്ന രണ്ട് സത്രീകളെപ്പറ്റിയുള്ള വിവരണങ്ങൾ സുവിശേഷങ്ങളിൽ കാണുന്നുണ്ട്. അവയിൽ ഒന്നു നിർവ്വഹിക്കുന്നത് ഒരു പാപിനിയായ സ്ത്രീയാണ്. (ലൂക്കോസ് 7.36). യേശു ഭക്ഷണത്തിനിരിക്കുമ്പോൾ ആ സ്ത്രീ കയറി വരുന്നു. അവൾ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന യേശുവിന്റെ പാദങ്ങൾ കണ്ണുനീരുകൊണ്ട് കഴുകി ചുംബിക്കുന്നു. അതിനുശേഷം കൊണ്ടുവന്നിരുന്ന വിലയേറിയ സുഗന്ധ തൈലം അവൾ യേശുവിന്റെ പാദങ്ങളിൽ പൂശുന്നു. അവൾ പാപമോചനം പ്രാപിച്ച് മടങ്ങുന്നു. ഇത് യേശുവിനെ ഭക്ഷണത്തിനു ക്ഷണിച്ച പരീശനെ ക്ഷുഭിതനാക്കുന്നു. ഒരു സ്ത്രീയ്ക്ക് യേശുവിന്റെ സന്നിധിയിൽ സ്വതന്ത്രമായി കടന്നു വന്ന് പാപമോചനം പ്രാപിക്കുവാനുള്ള സാധ്യത യാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഏറ്റവും ഹീനമായ ജീവിതം നയിച്ച ഒരു സ്ത്രീയ്ക്ക് പോലും ഈ അവകാശം നിഷേധിക്കപ്പെടുന്നില്ല. ആ സ്ത്രീ പ്രകടിപ്പിക്കുന്നത് ക്രിസ്തു ഭക്തിയുടെ ഏറ്റവും ഉദാത്തമായ ഭാവമാണ്. അവൾ തന്റെ മുഖം ക്രിസ്തുവിന്റെ പാദങ്ങളോട് ചേർത്തു പിടിച്ച് കണ്ണീർ കൊണ്ട് അവ കഴുകി മുടികൊണ്ട് തുവർത്തി പാദത്തിൽ ചുംബിച്ച് തൈലം പൂശുന്നു. തീവ്രമായ ആ ഭക്തി സ്വീകരിച്ച് അവൾക്ക് യേശു പാപമോചനം നൽകുകയാണ്. നേരിട്ട് യേശുവിന്റെ സന്നിധിയിലെത്താനുള്ള സ്വാതന്ത്ര്യവും ക്രിസ്തു പൂജയ്ക്കുള്ള അവകാശവും ആ സ്ത്രീയ്ക്കു നിഷേധിക്കപ്പെടുന്നില്ല. മതനേതൃത്വത്തിന്റെ പര്യായമായ പരീശന്റെ ദൃഷ്ടിയിൽ അത് അനധികൃതമാണ്. ഇതു മനസ്സിലാക്കിയ യേശു അവനെ മറുചോദ്യം കൊണ്ട് ഉത്തരംമുട്ടിക്കുന്നു. ക്രിസ്തു ബന്ധത്തിനും അവൻ നൽകുന്ന രക്ഷാനുഭവത്തിനും ഒരു സ്ത്രീയ്ക്ക് സ്വന്ത രീതിയിൽ യേശുവിന്റെ സന്നിധിയിൽ പ്രവേശനമുണ്ട് എന്നും അതിന് പുരുഷൻമാരായ ഇടനിലക്കാർ ആവശ്യമില്ല എന്നും ഇവിടെ വ്യക്തമാക്കുന്നു. ലിംഗവിവേചനമില്ലാത്ത ക്രിസ്തു ബന്ധ സാധ്യതയാണ് ലൂക്കോസ് സുവിശേഷകൻ ഇവിടെ വ്യക്തമാക്കുന്നത്.

യോഹന്നാന്റെ സുവിശേഷത്തിലും മത്തായി മർക്കോസ് സുവിശേഷങ്ങളിലും മറ്റൊരു തൈലം പൂശലിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. അതു സംഭവിക്കുന്നത് യേശുവിന്റെ ക്രൂശീകരണത്തോടടുത്താണ്. നിർവ്വഹിക്കുന്നതാകട്ടെ ലാസറിന്റെ സഹോദരി മറിയ (യോഹ.12.1–8, മത്തായി 26.6.13, മർക്കോസ് 14.3–9). ഇവിടെ മറിയ തൈലം പൂശുന്നതിൽ അസ്വസ്ഥരാകുന്നത് ശിഷ്യൻമാർ തന്നെയാണ്. തൈലത്തിന്റെ വില ദരിദ്രർക്ക് ദാനം ചെയ്യരുതോ എന്നതാണ് അവരുടെ അനിഷ്ടത്തിന് കാരണമായി പറയുന്നത്. എന്നാൽ ദരിദ്രരോടുള്ള പ്രിയമല്ല അവരുടെ അസ്വസ്ഥതയ്ക്ക് കാരണം. പ്രത്യുത ക്രിസ്തുവിന്റെ അടുക്കൽ അവൾ കാണിക്കുന്ന അടുപ്പവും സ്വാതന്ത്ര്യവുമാണ് പ്രശ്നമാകുന്നത്. തങ്ങൾ സ്വകാര്യസ്വത്താക്കി കൊണ്ടു നടക്കുന്ന അവന്റെ ശിഷ്യന്മാർക്കിത് സഹിക്കുന്നില്ല എന്നതാണ് സത്യം. ഗുരുവിന്റെ കാര്യത്തിൽ ഈ സ്വാതന്ത്ര്യം കാണിക്കാൻ ഇവൾക്കെന്തു കാര്യം എന്നതാണ് അവരുടെ ചിന്ത. അതു പറയാൻ സാധിക്കാത്തതുകൊണ്ടാണ് ദരിദ്രരോടുള്ള പ്രിയത്തിന്റെ പേരിൽ ഇതിനെ വിമർശിക്കുന്നത് എന്ന് വേദപുസ്തകപാഠങ്ങൾ പഠിച്ചാൽ മനസ്സിലാകും. തന്നെ ആരുടേയും (ശിഷ്യന്മാരുൾപ്പെടെ) സ്വകാര്യസ്വത്താക്കാൻ അനുവദിക്കാത്ത ക്രിസ്തു പറയുന്നു: ‘‘അവളെ വെറുതെ വിടുക.’’ ക്രിസ്തു അവളുടേതുമാണ്. അവളുടെ സ്വന്തമാണ്. ക്രിസ്തു സാന്നിദ്ധ്യത്തിനുള്ള അവകാശം ഓരോ ക്രിസ്തു ഭക്തനും ഭക്തക്കുമുണ്ട്. അതു നിയന്ത്രിക്കുവാൻ ആരും മെനക്കെടേണ്ട എന്ന താക്കീതാണ് യേശു ഇവിടെ നൽകുന്നത്. സ്വയം ഇടനിലക്കാരായി വർത്തിക്കുവാനുള്ള ശിഷ്യന്മാരുടെ മോഹത്തിനാണ് യേശു ഇവിടെ വിലങ്ങുതടിയാകുന്നത്.

മർക്കോസിന്റെയും മത്തായിയുടേയും വിവരണങ്ങളിൽ മറിയ യേശുവിന്റെ തലയിലാണ് തൈലം ഒഴിക്കുന്നത്. ഇവിടെ യഥാർത്ഥത്തിൽ തൈലത്തിന്റെ അഭിഷേകമാണ്. തൈലം ശരീരം മുഴുവനിലും പരക്കുന്ന രീതിയാണ്. ഇത്തരം തൈലാഭിഷേകം നടത്തിയിരുന്നത് പുരോഹിതന്മാരാണ്. ഇങ്ങനെ ഒരു തൈലാഭിഷേകം നടത്താൻ ഇവൾക്കെന്തവകാശം എന്നതാണ് ശിഷ്യന്മാരുടെ മനോഗതം. കാരണം ഇവിടെ ഒരു പൗരോഹിത്യ നടപടിയുടെ രൂപത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. അത് കർത്താവ് ശരി വയ്ക്കുകയുമാണ്. എന്റെ കബറടക്ക സൂചകമായിട്ടാണ് അവൾ അത് ചെയ്യുന്നത് എന്നാണ് യേശുവിന്റെ ഭാഷ്യം. യഥാർത്ഥത്തിൽ ഒരു കൗദാശീക കർമ്മ (sacramental act) ത്തിന്റെ സവിശേഷതയും ഇവിടെ ദൃശ്യമാണ്. ഈ അഭിഷേകത്തിനുള്ള അവസരം സിദ്ധിച്ചിരിക്കുന്നത് ആ സ്ത്രീയ്ക്കാണ് എന്നു സൂചന. ഈ കാര്യം സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം പ്രഘോഷിക്കപ്പെടണം എന്നാണ് കർത്താവ് പറയുന്നത്. കാരണം ഇതൊരു സ്വകാര്യ കാര്യമായി പരിഗണിക്കുവാൻ യേശു ആഗ്രഹിക്കുന്നില്ല. സ്ത്രീയുടെ സ്വാതന്ത്ര്യവും തുല്യതയും സഭയിൽ സാർവ്വത്രീകമായി അംഗീകരിക്കപ്പെടണമെങ്കിൽ ഈ കാര്യം സുവിശേഷഭാഗമായി എല്ലായിടത്തും പ്രചരിക്കണം എന്ന് യേശു ഇച്ഛിക്കുന്നു.

ഈ സംഭവം സാന്ദർഭികമായി നടക്കുന്ന കാര്യമല്ല എന്ന് കർത്താവ് സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ അഭി

ഷേകത്തിനായി കരുതി വച്ചിരുന്ന തൈലമാണ് (യോഹ. 12.7) അത്. പ്രത്യേക ആവശ്യത്തിനായി നിർദ്ദിഷ്ട സമയംവരെ സൂക്ഷിക്കപ്പെട്ട തൈലത്തിന്റെ കൗദാശികമായ അഭിഷേകമാണ് മറിയ നിർവ്വഹിക്കുന്നത്. ഇതിനെ തടസ്സപ്പെടുത്തുന്ന പുരുഷ നീതിയോടുള്ള നിർദയമായ പ്രതികരണമാണ് യേശുവിൽ നിന്നുണ്ടാവുന്നത്: ''അവളെ നിങ്ങൾ വെറുതെ വിടുക.''

ക്രിസ്തുവിനെ മനസ്സിലാക്കുകയും അവന്റെ വെളിപ്പെടുത്തലുകൾ ഗ്രഹിക്കുകയും അവന്റെ സന്നിധിയിൽ പ്രവേശിക്കുവാൻ സ്വാതന്ത്ര്യം കാണിക്കുകയും ക്രിസ്തുവുമായിട്ടുള്ള കൂട്ടായ്മ സാധ്യത വെളിപ്പെടുത്തുകയും പൗരോഹിത്യ കൗദാശീക കർമ്മ സാധ്യതകൾ തങ്ങൾക്ക് അന്യമല്ല എന്ന് ക്രിസ്തുവിനെക്കൊണ്ടു തന്നെ പറയിക്കുകയും ചെയ്ത സ്ത്രീ സാന്നിധ്യമാണ് അവതരിപ്പിച്ച സംഭവങ്ങളിൽ കണ്ടെത്തുന്നത്.

ക്രിസ്മസിന്റെയും പുതുവത്സരത്തിന്റേയും ആശംസകൾ എല്ലാവർക്കും നേരുന്നു.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

കേട്? എന്നാണ് ഇതുമായി ബന്ധപ്പെട്ട് ചോദിക്കാറുള്ളത്. ഈ ചൊല്ലിലെ ഇല സ്ത്രീയാണ്. ഏതായാലും വിവാഹപൂർവ്വ ലൈഗീക ബന്ധം നമ്മുടെ സമൂഹം നിഷിദ്ധമായി കരുതുന്നു. അത് അനുവദിക്കുന്നത് സമൂഹത്തിന്റെ ജീർണ്ണതയേയാണ് സൂചിപ്പിക്കുന്നത് എന്നതിൽ സംശയമില്ല.

കൊല ഏതു സാഹചര്യത്തിലും കുറ്റകരമാണ്. അരുതാത്തതാണ്, ശിക്ഷാർഹമാണ്. പ്രതിസന്ധികളും അഗ്നിപരിശോധനകളും നേരിടുമ്പോൾ കോപത്തിനും ഹിംസയ്ക്കും വഴിപെടാതെ നാം ഈശ്വരേച്ഛ തേടുകയാണ് വേണ്ടത്. തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന പെൺകുട്ടി ഗർഭിണിയാണെന്നുള്ള സത്യം അറിഞ്ഞിട്ടും യൗസേഫ് പ്രതികാരത്തിനോ ഹിംസയ്ക്കോ തുനിഞ്ഞില്ല. അതുകൊണ്ടാണ് ദൈവീക ഇടപെടലുണ്ടാവുകയും പ്രതിസന്ധി മഹാസന്തോഷമായി മാറുകയും ചെയ്തത്. കൊലയ്ക്ക് മുതിർന്നിരുന്നെങ്കിൽ മാനവചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു. 'If you want revenge, dig to graves' എന്ന ചൊല്ല് ഓർക്കുക. ഇവിടെയാണ് തെഹൽകാർ ദമ്പതികൾക്ക് തെറ്റുപറ്റിയത്.

ഈ ഡോക്ടർ ദമ്പതികളുടെ അനുഭവം നമുക്ക്-പ്രത്യേകിച്ചും പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് - പല പാഠങ്ങളും നൽകുന്നുണ്ട്. വീട്ടിൽ വേലക്കാരെ നിയോഗിക്കുന്നതും അവരെ കുട്ടികളുമായി ഇടപെടാൻ അനുവദിക്കുന്നതും വളരെ കരുതലോടെ വേണം. കുട്ടികളുടെ സ്കൂളിലും വെളിയിലുമുള്ള പെരുമാറ്റ രീതികൾ, കൂട്ടുകെട്ടുകൾ, അവർ വായിക്കുന്ന പുസ്തകങ്ങൾ മറ്റു പ്രസിദ്ധീകരണങ്ങൾ, അവരുടെ മൊബൈൽ ഫോൺ ഉപയോഗം കത്തിടപാടുകൾ, പഠനസമയത്തിന്റെ വിനിയോഗം, കിടപ്പുമുറി, വേഷം, ചമയം, ടെലിവിഷൻ - സിനിമ കാണൽ എന്നിവയെല്ലാം മാതാപിതാക്കളും വീട്ടിലെ മുതിർന്ന മറ്റു ബന്ധുക്കളും നിരന്തരം നിരീക്ഷിക്കണം. ഇത് ചെയ്യുന്നുണ്ടെന്ന തോന്നൽ അവരിൽ ജനിപ്പിക്കുകയും വേണം. അവരിലുള്ള അമിതമായ വിശ്വാസവും അവരോടുള്ള വാത്സല്യവും ലാളനയും കൂടെക്കൂടെ അവലോകനം ചെയ്യുകയും വേണം. അവരിൽ ശത്രുതാ മനോഭാവം ജനിപ്പിക്കാത്ത വിധമാകണം ഇതൊക്കെ ചെയ്യുന്നത്. വിവാഹപ്രായമായ പെൺകുട്ടികളെ ഓർത്ത് മാതാപിതാക്കൾ വാസ്തവത്തിൽ തീ തിന്നാണ് കഴിയുന്നത്. മക്കൾ എന്ത് ഒപ്പിച്ചുവരുമെന്നതാണ് അവരുടെ ഉള്ളിൽ ആളുന്ന ആധി.

ഉത്തരവാദിത്തത്തോടെയുള്ള രക്ഷാകർതൃത്വം സംബന്ധിച്ച ബോധവൽക്കരണം ഇടവക-സഭാതലങ്ങളിൽ ജാഗ്രതാപൂർവ്വം സംഘടിപ്പിക്കണം. അതിന് വികാരിമാരും ആത്മീയ സംഘടനകളും ഉണർന്നു പ്രവർത്തിക്കണം. കുട്ടികളുടെ കൂട്ടുകെട്ട്, മൊബൈൽ-ഇന്റർനെറ്റ് ഉപയോഗങ്ങൾ, ഭാഷ, വേഷം, ആഭരണക്കമ്പം, ആർഭാടം എന്നിങ്ങനെയുള്ള വിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ, ചിത്രീകരണങ്ങൾ, മാർഗ്ഗനിർദ്ദേശ പരിപാടികൾ, പഠനശിബിരങ്ങൾ മുതലായവ അവരെ ഉൾപ്പെടുത്തിക്കൊണ്ട് ഇടവക തോറും നടത്തണം. ഓരോ കുടുംബത്തിലും കുട്ടികൾ വരുത്തിക്കൂട്ടുന്ന പ്രശ്നങ്ങൾ, അവയെ നേരിടേണ്ട രീതികൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവയെല്ലാം ആവുന്നത്ര തുറന്ന ചർച്ചയ്ക്ക് വിഷയമാകണം. വേദപുസ്തക വെളിച്ചത്തിൽ ഇവക്കെല്ലാം വിശദീകരണം ഇടവക വികാരിമാർ നൽകണം. ഇടവകയിലെ കുട്ടികളെ നല്ല കാര്യങ്ങളിൽ സഹായിക്കുന്നതിനും മറ്റു കാര്യങ്ങളിൽ നിയന്ത്രിക്കുന്നതിനും ഇടവക ഒന്നടങ്കം ഒറ്റക്കെട്ടായി നിലകൊള്ളുമെന്ന ബോധം അവരിൽ ജനിപ്പിക്കണം. സമൂഹത്തിൽ ചലനമുണ്ടാക്കുന്ന സംഭവങ്ങൾ കൂട്ടമായി ചർച്ച ചെയ്ത് അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാൻ നിരന്തരം അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. ചരിത്രം പഠിക്കുന്നതോടൊപ്പം ചരിത്രത്തിൽ നിന്നു പഠിപ്പിക്കുന്നതിനുകൂടിയുള്ള പ്രവണത അവരിൽ വളർത്തിയെടുക്കണം. ഏതെങ്കിലും സാഹചര്യത്തിൽ തെറ്റുകുറ്റങ്ങൾ ചെയ്തുപോയിട്ടുള്ളവരെ അകറ്റി നിർത്തുന്നതല്ല, സഹതാപപൂർവ്വം സഹവർത്തിച്ച് സാന്ത്വനപ്പെടുത്തി അവരിൽ പരിവർത്തനം വരുത്തുന്നതാണ് ക്രിസ്തീയത എന്ന ബോധ്യം ഇടവക ജനങ്ങളിൽ വളർത്തിയെടുക്കുകയും വേണം. ●

*തിരുവചനധ്യാനം*

# തിരുജനനസന്ദേശം

ഫാ. ഗീവർഗീസ് കെ. കുന്നംകുളം

**നാം** എല്ലാവരും ക്രിസ്തുവിന്റെ ജനനപെരുന്നാൾ ആഘോഷിക്കുവാൻ ഒരുങ്ങുകയാണ്. ഈ അവസരത്തിൽ ക്രിസ്തുമസിന്റെ അർത്ഥവും, സന്ദേശവും എന്തെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. ക്രിസ്തുവിന്റെ തിരുവവതാരത്തെക്കുറിച്ച് പരാമർശിക്കുന്ന അവസരത്തിൽ വി. അത്താനാസിയോസ് പറയുന്നത് ശ്രദ്ധിക്കുക. ദൈവം മനുഷ്യനായി അവതരിച്ചത് മനുഷ്യനെ ദൈവത്തെ പോലെ ആക്കിത്തീർക്കുവാനാണ്. അതായത് വിണ്ണിലിരുന്നവൻ മണ്ണിലേക്കിറങ്ങി മണ്ണിലുള്ളവരെ വിണ്ണിലേയ്ക്ക് കയറ്റാൻ. ദൈവപുത്രൻ മനുഷ്യപുത്രനായി മനുഷ്യപുത്രന്മാരെ ദൈവമക്കളാക്കി മാറ്റാൻ. വളരെ അർത്ഥവത്തായ ഒരു സന്ദേശമാണിത്. ഈ സന്ദേശത്തിന്റെ ആഴവും, പരപ്പും, അർത്ഥവ്യാപ്തിയും വായനക്കാരുമായി പങ്ക് വെക്കട്ടെ.

ദൈവം വിഭാവനം ചെയ്ത രീതിയിൽ മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കി തീർക്കുവാനുള്ള ദൈവീക പദ്ധതി സാത്താന്റെ ഇടപെടൽ മൂലം നടക്കാതെ വന്നു. ഏദൻ തോട്ടത്തിൽ ഉണ്ടായിരുന്ന ജീവവൃക്ഷത്തിന്റെ ഫലം (ഉല്പത്തി. 3:22) മനുഷ്യൻ അനുഭവിച്ച് എന്നുമെന്നേയ്ക്കും ജീവിക്കുവാനുള്ള വ്യവസ്ഥിതി നഷ്ടപ്പെട്ടു. സ്വാർത്ഥതമൂലം പാപം ചെയ്ത് മൃഗത്തിന്റെ തലത്തിലേയ്ക്ക് അധ:പതിച്ചുപോയ മനുഷ്യനെ ത്യാഗം കൊണ്ട് വീണ്ടെടുത്ത് വീണ്ടും ദൈവപുത്രനാക്കി തീർക്കുവാൻ ദൈവം മനുഷ്യനായി തീർന്നു. പാപം ചെയ്ത അവർക്കു ദൈവം നൽകിയ പ്രകാശം നഷ്ടപ്പെട്ടു. അവർ പരസ്പരം കുറ്റപ്പെടുത്താൻ തുടങ്ങി. "നീ നഗ്നനെന്ന് നിന്നോട് ആർ പറഞ്ഞു? തിന്നരുതെന്ന് ഞാൻ നിന്നോട് കല്പിച്ച വൃക്ഷഫലം തിന്നുവോ?" എന്ന് ദൈവം ചോദിച്ചു. അതിന് മനുഷ്യൻ "എന്നോടുകൂടി ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു. ഞാൻ തിന്നുകയും ചെയ്തു" എന്ന് പറഞ്ഞു. യഹോവയായ ദൈവം സ്ത്രീയോട് നീ ഈ ചെയ്തത് എന്ത് എന്ന് ചോദിച്ചതിന് പാമ്പ് എന്നെ വഞ്ചിച്ചു. ഞാൻ തിന്നുപോയി എന്ന് സ്ത്രീ പറഞ്ഞു. (ഉല്പത്തി 3:11,12,13) ഇതുകൊണ്ടാണ് അവർ പരസ്പരം കുറ്റപ്പെടുത്താൻ തുടങ്ങി എന്ന് സൂചിപ്പിച്ചത്. മക്കളുടെ കാലമായപ്പോൾ സഹോദരൻ സഹോദരന്റെ കാവൽക്കാരനല്ല, കച്ചവടക്കാരനാണെന്ന അവസ്ഥയായി. പിന്നെ യഹോവ കയീനോട് നിന്റെ അനുജനായ ഹാബേൽ എവിടെ എന്ന് ചോദിച്ചതിന്, "ഞാൻ അറിയുന്നില്ല, ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ?" എന്ന് അവൻ പറഞ്ഞു. (ഉല്പത്തി 4:9). ഇപ്രകാരം ദൈവം നൽകിയ പ്രകാശമാകുന്ന ദൈവത്വവും, മനുഷ്യത്വവും നഷ്ടപ്പെട്ട് മൃഗസ്വഭാവിയായ മനുഷ്യപുത്രനെ ദൈവപുത്രനാക്കി തീർക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നു. തന്റെ മനുഷ്യത്വം വിലയായി കൊടുത്ത് നമ്മിൽ നഷ്ടപ്പെട്ട ദൈവത്വംവീണ്ടെടുത്തു. സകലരുടേയും സകലപാപങ്ങളും ഏറ്റെടുത്ത് തന്റെ ജീവൻ മറുവിലയായി നൽകുവാൻ ഭൂമിയിൽ അവതരിച്ചു. ആയത് കൊണ്ട് മൃഗതുല്യനായ മനുഷ്യർ ആദ്യം യഥാർത്ഥ മനുഷ്യനും, തുടർന്നു വിശുദ്ധരും, ദൈവമക്കളും ആയിതീരുക എന്ന സന്ദേശമാണ് ക്രിസ്തുവിന്റെ ജനന പെരുന്നാൾ നമുക്ക് നൽകുന്നത്. ക്രിസ്തുമസിന്റെ ഈ സന്ദേശം മനോഹരമായി ഉദാഹരിക്കുന്ന ഒരു കഥ ഓർത്തുപോകുകയാണ്. ആംഗല സാഹിത്യകാരനായ ചാൾസ് ഡിക്കൻസിന്റെ ക്രിസ്മസ് കാരൾ എന്ന നോവലിലെ കഥയുടെ സംഗ്രഹം ഞാൻ പ്രിയ വായനക്കാരുമായി പങ്ക് വെക്കട്ടെ. ക്രിസ്മസ് കാരൾ എന്ന നോവലിലെ പ്രധാന കഥാപാത്രം എബനേസർ സ്ക്രൂജ് (Ebenezar Scrooge) ആണ്. Scrooge & Merly എന്ന വ്യവസായ സ്ഥാപനത്തിന്റെ പങ്കാളിയാണദ്ദേഹം. അദ്ദേഹത്തിന്റെ കൂട്ട് പങ്കാളിയായ മെർലിൻ മരിച്ചിട്ട് 7 വർഷമായി. ഒരു ക്രിസ്മസ് നാളിലാണ് അദ്ദേഹം മരിച്ചത്. എന്നിട്ടും ഓഫീസിന്റെ മുമ്പിലുള്ള നെയിം ബോർഡിൽ നിന്ന് മെർളിയുടെ പേര് ഇതുവരെ മായിച്ചുകളഞ്ഞിട്ടില്ല. സ്ക്രൂജിനെ പരിചയമില്ലാത്തവർ ഓഫീസിൽ വരുമ്പോൾ സ്ക്രൂജിനെ മെർളിയെന്ന വിളിക്കും. മെർളിയെന്ന് വിളിച്ചാലും സ്ക്രൂജ് വിളി കേൾക്കും. കാരണം പേരിൽ വലിയ കാര്യമില്ലല്ലോ. ബിസിനസല്ലെ പ്രധാനം. തീർത്തും മനുഷ്യത്വം നഷ്ടപ്പെട്ട ഒരു വ്യക്തിയായാണ് കഥയുടെ ആരംഭത്തിൽ സ്ക്രൂജിനെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ഒരു പരുക്കൻ സ്വഭാവക്കാരൻ, പിടിവാശിക്കാരൻ, പിടിച്ചു പറിക്കാരൻ, കഠിനഹൃദയൻ, ചുരുക്കത്തിൽ സ്നേഹം, സൗഹൃദം, ദയ, ഔദാര്യം, എന്നീ മാനുഷിക ഗുണങ്ങളും, മൂല്യങ്ങളും, നഷ്ടപ്പെട്ട മൃഗതുല്യനായ ഒരു വ്യക്തിയായിട്ടാണ് സ്ക്രൂജിനെ നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

ഒരു രാത്രി സ്ക്രൂജ് കിടക്കയിലേയ്ക്ക് ചരിഞ്ഞു. അങ്ങനെ കിടക്കുമ്പോൾ മുറിയിൽ ഒരു കിലുക്കം. കണ്ണ് തുറന്നു നോക്കിയപ്പോൾ മുമ്പിൽ മെർളിയുടെ മുഖം തെളിഞ്ഞു വരുന്നതു പോലെ. മെർളി മരിച്ചിട്ട് 7 വർഷം കഴിഞ്ഞെങ്കിലും മരണശേഷം ഇന്നാണ് സ്ക്രൂജ് ആദ്യമായി മെർളിയെ ഓർക്കുന്നത്. സ്ക്രൂജ് ഭയന്ന് കണ്ണുകൾ ഇറുകെ അടച്ചു. അപ്പോഴുണ്ട് കാതടപ്പിക്കുന്ന ഇടിമുഴക്കം. തുടർന്ന് ശക്തിയായ കാറ്റ്. ജനൽ പാളി വലിച്ചു തുറന്നു. അതിലൂടെ മിന്നൽ പോലെ എന്തോ അകത്ത് കയറിയതുപോലെ. പല മണികൾ ഒരുമിച്ചടയ്ക്കുന്ന ശബ്ദം. സ്ക്രൂജ് കണ്ണുകൾ മലർക്കെ തുറന്നു നോക്കി ആര്? മെർളിയോ തന്റെ മുമ്പിൽ അതേ മുഖം; അതേ ആകാരം. ആ മനുഷ്യരൂപം സ്ക്രൂജിന് തൊട്ട

ടുത്തുള്ള കസേരയിൽ കയറിയിരുന്നു. അയാളുടെ ശരീരം ചങ്ങലകളാൽ ചുറ്റപ്പെട്ടിരുന്നു. സ്ക്രൂജ് ചോദിച്ചു. മെർലി ഇത് നീ തന്നെയോ? അയാൾ പറഞ്ഞു. അതേ ഞാൻ മെർലി തന്നെ. സ്ക്രൂജ് ചോദിച്ചു "നീ 7 വർഷം മുമ്പ് മരിച്ചതല്ലേ. ഇപ്പോഴും ഇങ്ങനെ കറങ്ങി നടക്കുന്നതിന്റെ അർത്ഥം?" മെർളി പറഞ്ഞു. "ജീവിച്ചിരിക്കുമ്പോൾ നന്മ ചെയ്തില്ലെങ്കിൽ, മനുഷ്യനായി ജീവിച്ചില്ലെങ്കിൽ, മൃഗതുല്യമായി ജീവിച്ചാൽ മരണശേഷം മുക്തി കിട്ടാതെ മനുഷ്യൻ അലയേണ്ടിവരും. ഞാൻ അലയുന്നതുപോലെ. ജീവിച്ചിരുന്നപ്പോൾ സഹോദരങ്ങളോട് ഇടപഴകാൻ ഞാൻ തുനിഞ്ഞില്ല. സുഹൃത്തുക്കളെ സന്ദർശിച്ചില്ല. ഇല്ലാത്തവരുമായി എനിക്കുള്ളത് പങ്കു വച്ചില്ല. മറ്റുള്ളവരുടെ ജീവിതത്തെ സന്തോഷിപ്പിക്കുവാൻ ശ്രമിച്ചില്ല." സ്ക്രൂജ് ചോദിച്ചു. "എന്തിനാണ് ഈ ചങ്ങല വലിച്ചു കൊണ്ട് നടക്കുന്നത്? മെർളി പറഞ്ഞു. ഞാൻ ജീവിച്ചിരുന്നപ്പോൾ ഞാൻ തന്നെ എനിക്ക് വേണ്ടി നിർമ്മിച്ച ചങ്ങലയാണിത്. എന്റെ ദൈവം പണമായിരുന്നു. അതിനാൽ ഈ ചങ്ങലയിൽ പണപ്പെട്ടിയും, താഴും, താക്കോലും, സ്റ്റീൽസെയ്ഫും, കണക്ക് പുസ്തകങ്ങളും, പണ്ടപണയങ്ങളുമൊക്കെ നിനക്ക് കാണാൻ കഴിയും. ഞാൻ മരിക്കുമ്പോൾ തന്നെ നിന്റെ ചങ്ങലയ്ക്ക് ഇത്രയും നീളമുണ്ട്. 7 വർഷം കൊണ്ട് നീ അതിന്റെ നീളവും, ഘനവും ഒത്തിരിയേറെ വർദ്ധിപ്പിച്ചിട്ടുണ്ട്." ഇതുകേട്ടപ്പോൾ സ്ക്രൂജിന് ആകെ ഭയമായി. സ്ക്രൂജ് ചോദിച്ചു. "മെർളി! നീ ബിസിനസ്സിൽ നല്ലവനായിരുന്നല്ലോ? എന്നിട്ടും? ........." മെർളി പറഞ്ഞു. "ഞാൻ ബിസിനസ്സിൽ നല്ലവനായിരുന്നു. പക്ഷേ നന്മയേക്കാൾ സാമൂഹ്യ ക്ഷേമമായിരിക്കേണ്ടിയിരുന്നു എന്റെ പ്രധാന ബിസിനസ്സ്. ദയയും കാരുണ്യവും, ഔദാര്യവുമായിരുന്നു ഞാൻ ക്രയവിക്രയം ചെയ്യേണ്ടിയിരുന്ന വിഭവങ്ങൾ. എന്റെ കച്ചവടത്തിൽ അവ തീരെ കുറവായിരുന്നു." സ്ക്രൂജ് ചോദിച്ചു. "എന്തിനാണ് ഈ ക്രിസ്മസ് കാലത്ത് ഇറങ്ങിതിരിച്ചത്?" മെർളി പറഞ്ഞു. "ക്രിസ്മസ് സീസണിലാണ് എനിക്ക് കൂടുതൽ പ്രയാസം. ലോകരക്ഷകനായി ജനിച്ച യേശുവിനെ കാണുവാൻ വിദ്വാന്മാ (പൂജരാജാക്കന്മാർ) രെപ്പോലെ ഉന്നതത്തിലുള്ള നക്ഷത്രത്തെ നോക്കിയല്ല ഞാൻ നടന്നത്. സഹജീവികളെ ശ്രദ്ധിക്കാതെ മൃഗത്തെപ്പോലെ താഴോട്ട് നോക്കിയാണ്. നക്ഷത്രത്തെ നോക്കി നടന്നിരുന്നെങ്കിൽ യേശുവിന്റെ സാദൃശ്യമുള്ള എത്രയോ പാവങ്ങളെ ഞാൻ കണ്ടെത്തിയേനേ. തടവിൽ കഴിയുന്നതുപോലെയുള്ള എത്രയോ സഹോദരങ്ങളെ ആശ്വസിപ്പിച്ചേനെ. എനിക്കുള്ളത് എത്രയോ ദരിദ്രരുമായി പങ്ക് വെച്ചേനെ. പിന്നെ ഞാനിപ്പോൾ വന്നത് നിന്റെ പഴയ ആത്മമിത്രം എന്ന നിലയ്ക്ക് നിനക്ക് ഒരു മുന്നറിയിപ്പ് തരാനാണ്. ഇന്ന് രാത്രി മൂന്ന് അരൂപികൾ (Ghosts) നിന്നെ സന്ദർശിക്കും. അവർ നൽകുന്ന പ്രചോദനമനുസരിച്ച് നിന്റെ ജീവിതം നവീകരിച്ചാൽ നീ രക്ഷപ്പെടും. ഇല്ലെങ്കിൽ എനിക്ക് സംഭവിച്ചതിൽ വലിയ ദുരന്തം നിന്നെ കാത്തിരിക്കുന്നു." ഇത്രയും പറഞ്ഞിട്ട് മെർലി മറഞ്ഞു. സ്ക്രൂജിന് അസ്വസ്ഥതയും ഭയവുമായി. ഉറക്കം മടിച്ചു നിന്നു. എങ്കിലും കണ്ണടച്ചു തന്നെ കിടന്നു. ഒന്ന് മയങ്ങി കാണും. ആ സമയത്ത് ഒരു അരൂപി സ്ക്രൂജിന്റെ കിടപ്പുമുറിയിലേയ്ക്ക് കടന്നു വന്നു. അത് അയാളെയും പൊക്കിയെടുത്ത് വെളിയിലേയ്ക്ക് പോയി. താൻ ഭൂതകാല ക്രിസ്മസ് അരൂപിയാണെന്ന് (Ghost of Christmas, Past) അത് സ്വയം വെളിപ്പെടുത്തി. സ്ക്രൂജിനെ ഭൂതകാല ക്രിസ്മസ് അനുഭവങ്ങളിലേയ്ക്ക് ആ അരൂപി കൂട്ടിക്കൊണ്ടു പോയി. താൻ ജനിച്ച വീടും, വളർന്ന നാടും, കളിച്ച മൈതാനവും പഠിച്ച പാഠശാലയും സ്തുതിച്ച ദേവാലയവും ഒക്കെ സ്ക്രൂജിന്റെ ദൃഷ്ടിയിൽ പെട്ടു. വളരെ ദാരിദ്ര്യത്തിലാണ് താൻ വളർന്നത്, ഉടുതുണിയ്ക്ക് മറുതുണിയില്ലാത്ത, വയറുനിറയെ ആഹരിക്കാനില്ലാത്ത ദരിദ്രനായ ബാലനായിരുന്നു ഞാൻ എന്ന് അയാൾ ഓർത്തു. കഷ്ടം എന്നിട്ടും ഇന്ന് കാരൾ ഗാനം അലപിച്ചു വന്ന ദരിദ്രബാലനെ താൻ ആട്ടി ഓടിച്ചല്ലോ എന്ന് ചിന്തിച്ച് കുണ്ഠിതപ്പെട്ടു.

കുറെ കഴിഞ്ഞ് രണ്ടാമത്തെ അരൂപി വന്ന് അയാളെ പൊക്കിക്കൊണ്ട് പോയി. വർത്തമാന ക്രിസ്മസ് അരൂപിയാണ് (Ghost of Christmas, Present) താനെന്ന് അത് സ്വയം പരിചയപ്പെടുത്തി. വർത്തമാന കാലത്ത് ജനങ്ങൾ എപ്രകാരമാണ് ക്രിസ്മസ് ആഘോഷിക്കുന്നതെന്ന് അരൂപി സ്ക്രൂജിന് കാണിച്ചു കൊടുത്തു. കുടുംബങ്ങളിലും, അനാഥാലയങ്ങളിലും, ജയിലുകളിലും, ആശുപത്രികളിലും, ഖനികളിലും എല്ലായിടത്തും ക്രിസ്മസ്, സന്തോഷത്തിന്റെയും, ഉല്ലാസത്തിന്റെയും, പങ്ക് വെക്കലിന്റെയും പെരുന്നാൾ തന്നെ.

സ്ക്രൂജ് വീണ്ടും മയങ്ങി കാണും. മൂന്നാമത്തെ അരൂപി വന്ന് അയാളെ പൊക്കി കൊണ്ടുപോയി. ഭാവികാല ക്രിസ്മസ് അരൂപി. (Ghost od Christmas, Future) യെന്നാണ് അത് സ്വയം പരിചയപ്പെടുത്തിയത്. ഭാവിയിൽ ഒരു ക്രിസ്മസ് ദിനത്തിൽ സംഭവിക്കാൻ സാധ്യതയുള്ള കാര്യങ്ങളാണ് ആ അരൂപി സ്ക്രൂജിനെ കാണിച്ചു കൊടുത്തത്. ഒരു സെമിത്തേരിയിൽ രണ്ട് കല്ലറകൾ ഒന്ന് മനോഹരമായ രീതിയിൽ ലക്ഷങ്ങൾ മുടക്കി നിർമ്മിച്ചിരിക്കുന്നു. ഒന്ന് ഒരു ദരിദ്ര ബാലന്റെ 10 രൂപ പോലും മുടക്കാത്ത കല്ലറ. ഇതിൽ ലക്ഷങ്ങൾ മുടക്കിയ കല്ലറയിൽ സ്ക്രൂജിന്റെ പേരെഴുതിവച്ചിരിക്കുന്നു.

ഈ ദർശനം സ്ക്രൂജിന്റെ മനസ്സിൽ വലിയ മാറ്റമുണ്ടാക്കി. പ്രവൃത്തി വഴി ആ മാറ്റം അദ്ദേഹം തെളിയിച്ചു. തൊഴിലാളികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു. അവരുടേയും തന്റെയും അർഹിക്കുന്ന ബന്ധുക്കളെയും ഉള്ളഴിഞ്ഞു സഹായിച്ചു. ദരിദ്രരേയും അനാഥരേയും സംരക്ഷിക്കുവാൻ വേണ്ടി തന്റെ ലാഭത്തിന്റെ നല്ലൊരു വിഹിതം മാറ്റിവെച്ചു. അതുവരേയും പണവും, സുഖവും, എല്ലാം ഉണ്ടായിരുന്നെങ്കിലും പൊതുവേ വിഷാദമായിരുന്ന സ്ക്രൂജിന്റെ ജീവിതം സന്തോഷപ്രദമായി. എന്നും ക്രിസ്മസ് ആയിരുന്നെങ്കിൽ എന്ന് അയാൾ ആഗ്രഹിച്ചു. ക്രിസ്മസിന്റെ അർത്ഥം അയാൾക്ക് മനസ്സിലായി.

**ഉപസംഹാരം**

ഇംഗ്ലീഷ് സാഹിത്യകാരനായ ചാൾസ് ഡിക്കൻസിന്റെ ക്രിസ്മസ് കാരൾ എന്ന വലിയ കഥയുടെ സംഗ്രഹമാണ് പങ്ക് വെച്ചത്. വിശുദ്ധനായ അത്താനാസിയോസ് പറയുന്നതുപോലെ മനുഷ്യപുത്രനെ ദൈവപുത്രനാക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ച ഈ സുദിനം നാം യഥാർത്ഥത്തിൽ വി. കുർബ്ബാന വഴിയായും, വി. കുർബ്ബാനാനുഭവം വഴിയായും ദൈവപുത്രന്മാരാകുവാനുള്ള പാതയിലാണോ എന്ന് ചിന്തിക്കാം. അതോ വി. കുർബ്ബാനയാകുന്ന ഏറ്റവും ശ്രേഷ്ഠമായ കൂദാശയ്ക്ക് പകരം മറ്റ് ഏതെങ്കിലും കുറുക്കുവഴിയിലാണോ എന്ന് ചിന്തിക്കുക. ഇന്ന് വി. കുർബ്ബാനയ്ക്കു പകരം കൂട്ടായ്മ എന്ന പേരിലുള്ള കുറുക്കുവഴികൾ നമ്മെ ദൈവമക്കളാക്കി തീർക്കുവാനുള്ള ദൈവീക പദ്ധതിയുടെ വിരുദ്ധപദ്ധതിയാണെന്ന തിരിച്ചറിവുണ്ടാകുക അഭിലഷണനീയമായിരിക്കും. ഏദൻ തോട്ടത്തിൽ നിൽക്കുന്ന എല്ലാ വൃക്ഷങ്ങളുടേയും ഫലം നിങ്ങൾക്ക് തിന്നാം. എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നരുത്. തൊടുകയും അരുത്. ഉല്പത്തി 3:2,3 എന്ന കല്പന നിലനിൽക്കെ ജീവവൃക്ഷത്തിന്റെ ഫലം ഏദൻ തോട്ടത്തിൽ ഉണ്ടായിരുന്നു. ആയത് ഭക്ഷിച്ച് എന്നുമെന്നും മനുഷ്യൻ ജീവിക്കുവാൻ ദൈവം ആഗ്രഹിച്ചു. (ഉല്പത്തി 3:22) ആ ദൈവീക പദ്ധതി നടപ്പാകാതെ വന്നപ്പോൾ മനുഷ്യപുത്രൻ ദൈവപുത്രനാകുവാൻ ദൈവം ആഗ്രഹിച്ചു. ആ ആഗ്രഹ പൂർത്തിക്കായി ദൈവ പുത്രൻ മനുഷ്യപുത്രനായി. മാത്രമല്ല മനുഷ്യന് നഷ്ടപ്പെട്ടു പോയ ജീവവൃക്ഷഫലം വീണ്ടും നൽകി എന്നുമെന്നേയ്ക്കും ജീവിക്കുന്നതിന് വേണ്ടി (മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും ആരും യഹോവായെ സ്തുതിക്കുന്നില്ല. നാമോ ഇന്നു മുതൽ എന്നേയ്ക്കും യഹോവയെ വാഴ്ത്തും) (സങ്കീർത്തനം 115:17,18) തന്റെ തിരുശരീര രക്തമാകുന്ന ജീവവൃക്ഷത്തിന്റെ ഫലം നമുക്ക് നൽകിയിരിക്കുന്നു. ആ ജീവവൃക്ഷഫലമാണ് വി. കുർബ്ബാന. ആയതുകൊണ്ട് മെർളിനെപോലെ മരണശേഷം ദൈവത്തെ സ്തുതിക്കാൻ കഴിയാതെ വരുന്നസ്ഥിതി ഉണ്ടാകാതിരിക്കുവാൻ, സ്ക്രൂജിനെപോലെ മനുഷ്യപുത്രന്റെ സ്ഥാനത്ത് നിന്ന് ദൈവപുത്രന്റെ സ്ഥാനത്തേയ്ക്ക് ഉയരുവാൻ (മാറ്റപ്പെടുവാൻ) ജീവവൃക്ഷത്തിന്റെ ഫലത്തിന്റെ സ്ഥിരം പങ്കാളിയാകുമെന്ന് ഈ ജനന പെരുന്നാളിൽ നമുക്ക് നിറവേറ്റുന്ന പ്രതിജ്ഞയെടുക്കാം.

## നിരാലംബരായ വൃദ്ധരോഗികളുടെ സംരക്ഷണം ഏറ്റെടുക്കുന്നു

കണ്ടനാട് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ അത്താനാന്യോസ് മെത്രാപ്പോലീത്ത രക്ഷാധികാരിയായ കെ.കെ.ജെ.ഫൗണ്ടേഷൻസ് പെരുമ്പടവം നിരാലംബരായ വൃദ്ധ രോഗികളുടെ ആജീവനാന്തര സംരക്ഷണം ഏറ്റെടുക്കുന്നു.

സാമ്പത്തിക ക്ലേശം മൂലം അർഹമായ പരിചരണം ലഭിക്കാതെ വിവിധഭവനങ്ങളിൽ കഴിയുന്ന രോഗികൾക്കും ബുദ്ധിമുട്ടനുഭവിക്കുന്ന ഭവനക്കാർക്കും ഈ സംരംഭം വലിയ ആശ്വാസം പകരുന്നതാണ്. ദിവസ വേതനത്തിന് തൊഴിലെടുക്കുന്ന ഭവനാംഗങ്ങൾക്ക് രോഗിയെ വീട്ടിൽ തനിച്ചാക്കി ജോലിക്കു പോകുന്നതിന് സാധിക്കാതെയും ജോലിചെയ്യാതിരുന്നാൽ പട്ടിണിയിലാവുകയും ചെയ്യുന്നവർക്കും ഈ സ്ഥാപനത്തിൽ രോഗികളെ പ്രവേശിപ്പിക്കുന്നതിലൂടെ രോഗിക്കും ഭവനക്കാർക്കും വലിയ അളവിൽ ആശ്വാസം നൽകുന്നു. ജാതിമതഭേദമെന്യേ നിർദ്ധനരായ രോഗികൾക്കാണ് ഇവിടെ പ്രവേശനം നൽകുന്നത്. കെ.കെ.ജെ.ഫൗണ്ടേഷൻസ് ഏറ്റെടുക്കുന്ന രോഗികളുടെ താമസ-ചികിത്സ ചെലവുകൾ പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്തം ആയിരിക്കും. ആജീവനാന്ത സംരക്ഷണം ആയിരിക്കും പ്രസ്ഥാനം ഏറ്റെടുക്കുന്നത്. വൃദ്ധരായ സ്ത്രീകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. 60 രോഗികൾക്ക് താമസ-ചികിത്സ സൗകര്യം ഉണ്ടായിരിക്കും. മുഴുവൻ സമയം നേഴ്സിംഗ് കെയറും ഡോക്ടറുടെ സേവനവും ഉണ്ടായിരിക്കും. ആധുനിക സൗകര്യങ്ങളോടു കൂടിയ താമസ സൗകര്യമാണ് പ്രവേശനം ലഭിക്കുന്നവർക്ക് നൽകുന്നത്.

വിവിധ ചാരിറ്റബിൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കെ.കെ.ജെ. ഫൗണ്ടേഷൻസിന്റെ പ്രധാന ചാരിറ്റബിൾ പ്രവർത്തനങ്ങളിൽ ഒന്നാണിത്. യാതൊരു വിധ സംഭാവനകളും ആരിൽ നിന്നും സ്വീകരിക്കാതെയാണ് ചാരിറ്റബിൾ പ്രവർത്തനം നടത്തുന്നത്. സാമൂഹ്യസേവനത്തിന് ഉത്തമ മാതൃകയാണ് ഇതിന്റെ പ്രവർത്തനങ്ങൾ.

ഇതോടനുബന്ധിച്ച്, 6 വയസ്സിനു മുകളിൽ പ്രായമുള്ള അനാഥരായ ആൺകുട്ടികളെ ഏറ്റെടുത്ത് താമസിപ്പിച്ച് സൗജന്യ വിദ്യാഭ്യാസവും സംരക്ഷണവും നൽകുന്ന പ്രോജക്ടും ഈ മാസം ഇവിടെ ആരംഭിക്കുന്നതാണ്. പൂർണ്ണ ഭാഗിക അനാഥരായ 20 കുട്ടികൾക്ക് ഈ മാസം മുതൽ പ്രവേശനം നൽകുന്നതായിരിക്കും. കുട്ടികളുടെ ആത്മീയവും മാനസികവും ശാരീരികവുമായ സന്തുലിത വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ ക്രമീകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ, ആത്മീയ ശുശ്രൂഷകർ എന്നിവരുടെ സേവനം കുട്ടികൾക്ക് ലഭ്യമായിരിക്കും. അവർക്ക് ലൈബ്രറി, സ്പോർട്സ്, ഗെയിംസ് സൗകര്യം ഉണ്ടായിരിക്കും.

ഡോ. കെ.കെ. ജോസഫ് ചെയർമാനായ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയും ട്രഷററുമായി ജോയി വറുഗീസ് കൂട്ടമാലിൽ, ഫാ. ബിനോയി ജോൺ പട്ടകുന്നേൽ, എന്നിവർ പ്രവർത്തിക്കുന്നു.

വിശദവിവരങ്ങൾക്ക് ഫാ. ബിനോയി ജോണിനെ ബന്ധപ്പെടുക. ഫോൺ. 9495314833

വൈദ്യം

# ആൽക്കഹോൾ വാക്സിൻ

**ഐശ്വര്യ ജോൺ**

**അ**തിവേഗം പടർന്നു പിടിക്കുന്ന മദ്യാസക്തി (alcoholism) യെ നേരിടുന്നതിനായി ഒരു പുതിയ വാക്സിൻ താമസിയാതെ ഇൻഡ്യയിൽ പരീക്ഷിക്കപ്പെടുമെന്ന് വാർത്തയുണ്ട്. മദ്യാസക്തരിൽ ത്വരിതവും ഗാഢവുമായ മയക്കവും മദ്യത്തോട് മടുപ്പും സൃഷ്ടിക്കുന്ന ഈ വാക്സിൻ ചിലിയിലെ ചികിത്സാപൂർവ്വ യത്നങ്ങൾ (preclinical trials) ക്കു ശേഷമാണ് ഇൻഡ്യയിൽ പരീക്ഷിക്കപ്പെടുന്നതെന്ന് ഗവേഷകർ പറയുന്നു.

ചിലിയിൽ നടക്കുന്ന പ്രീക്ലിനിക്കൽ പരീക്ഷണങ്ങൾക്കു ശേഷം ചികിത്സാപരീക്ഷണത്തിന്റെ ഒന്നാം ഘട്ടമായിട്ടാണ് ഈ വാക്സിൻ ഇൻഡ്യയിൽ നടാടെ മനുഷ്യനിൽ കുത്തിവച്ചു പരിശോധിക്കുന്നത്. എല്ലാം പ്രതീക്ഷപോലെ ശരിയായി നടക്കുന്നുവെങ്കിൽ രണ്ടു വർഷങ്ങൾക്കകം ഈ വാക്സിൻ ലോകമെങ്ങും വിപണിയിലെത്തുമെന്നാണ് ഡോ. ജുവാൻ അസൻജോയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് സാന്റിയാഗോ ടൈംസ് എന്ന പത്രം റിപ്പോർട്ടു ചെയ്യുന്നത്. ചിലി യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സെൽ ഡൈനാമിക്സ് ആൻഡ് ബയോടെക്നോളജിയുടെ ഡയറക്ടർ ആണ് ഡോ. ജുവാൻ.

ഈ വാക്സിൻ കുത്തിവയ്പ്പിനു ശേഷം ആറുമാസം മുതൽ ഒരു വർഷം വരെ ഫലപ്രദമായിരിക്കും. ആർക്കഹോളിനെ ചയാപചയ വിധേയമാക്കുന്ന ജീനുകളെ പ്രവർത്തന രഹിതമാക്കുന്ന രാസസന്ദേശം കരളിലേയ്ക്ക് അയയ്ക്കുകയാണ് ഈ വാക്സിൻ ചെയ്യുന്നത്. സാധാരണ ഗതിയിൽ കരൾ ആൽക്കഹോളിനെ മയക്കം സൃഷ്ടിക്കുന്ന യൗഗികമായ അസെറ്റാൽഡിഹൈഡ് എന്ന വസ്തുവാക്കി മാറ്റുന്നു. തുടർന്ന് അത് ഒരു രാസാഗ്നിയുടെ പ്രവർത്തനഫലമായി വിഘടിക്കപ്പെടുന്നു. ഈ വാക്സിൻ സ്വീകരിച്ച ഒരാൾ ആൽക്കഹോൾ ഉപയോഗിക്കുന്ന പക്ഷം അയാൾക്കു ഉടനടി മനംപുരട്ടലും ഉയർന്ന ഹൃദയസ്പന്ദനനിരക്കും കലശലായ അസ്വസ്ഥതയും ഉണ്ടാകും. ഒരിക്കൽ വാക്സിൻ പ്രയോഗിക്കപ്പെട്ടാൽ അതിനെ നിർവ്വീര്യമാക്കാൻ മറുമരുന്നൊന്നുമില്ല. അതിന്റെ ഫലം (effect) ഒരു വർഷം അയാളുടെ ശരീരത്തിൽ നിലനിൽക്കും മദ്യപാനം മൂലമുണ്ടാകുന്ന എല്ലാ തകരാറുകൾക്കും ഇതൊരു ഒറ്റമൂലിയല്ലെങ്കിലും അവയ്ക്കെതിരെയുള്ള ശക്തമായ ഒരു ആദ്യപടിയാണ് ഇതെന്ന് ഡോ. ജുവാൻ അഭിപ്രായപ്പെടുന്നു. മദ്യാസക്തിക്കിരയാവുന്നവർക്ക് ഒരു സാമൂഹ്യ പ്രശ്നമുണ്ട് – ഒരു വ്യക്തിത്വപ്രശ്നം. എന്തായാലും അവർ അവരിൽതന്നെ ലജ്ജിക്കുന്നവരാണ്. അത് അവരെ വിഷാദരാക്കുന്നു, പുറമെ എന്തു നടിച്ചാലും അതുകൊണ്ട് ഇതൊരു ലഘുവായ പ്രശ്നമല്ല.

എന്നാൽ ഈ വാക്സിന് മദ്യാസക്തിയെ രാസികമായി നേരിടുവാൻ കഴിയുമെന്നാണ് ഡോ. ജുവാൻ കരുതുന്നത്. അതിനു കഴിയുമെന്നു തെളിഞ്ഞാൽ ഇന്നേയ്ക്ക് രണ്ടു വർഷങ്ങൾക്കകം ലോകത്തെല്ലായിടത്തും ഈ വാക്സിൻ ലഭ്യമാകും. ദശലക്ഷക്കണക്കിന് മദ്യപാനികളെ മദ്യവിപത്തിൽ നിന്ന് രക്ഷിക്കാൻ അപ്പോൾ അതിനു കഴിയും. "ഈ വാക്സിന്റെ വിജയസാധ്യത വളരെ ഉയർന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നത്." അദ്ദേഹം പറയുന്നു.

ജീനിന്റെ പ്രകടനത്തെ നിയന്ത്രിക്കുവാൻ കഴിയുന്ന റൈബോ ന്യൂക്ലിക് ആസിഡ് (RNA) മുഖേനയാണ് ഈ വാക്സിൻ പ്രവർത്തിക്കുന്നത്. ആൽക്കഹോളിനെ ചയാപചയത്തിനു വിധേയമാക്കാതിരിക്കുവാനുള്ള രാസസന്ദേശം കരളിന് നൽകുവാൻ ഈ വാക്സിനു കഴിയുന്നു. ഈ രീതിയിൽ മദ്യാസക്തിക്കെതിരെ വാക്സിൻ നിർമ്മാണത്തിനു ശ്രമിക്കുന്ന ഏക ഗവേഷണ സംഘം ചിലിയിലെ തന്റെ നേതൃത്വത്തിലുള്ളതുമാത്രമാണെന്ന് ഡോ. ജുവാൻ അസെൻജോ അവകാശപ്പെടുന്നു.

*(ടൈംസ് ഓഫ് ഇൻഡ്യയോട് ആശയ കടപ്പാട്)*


## ഡയോസിസൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

## ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.
*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid)
*പ്രവേശനം നൽകുന്നു*

ലേഖനം

# കൽദായ സഭയിലെ പിളർപ്പും ഐക്യവും

**വർഗീസ് ജോൺ, തോട്ടപ്പുഴ**

**ലോ**കത്തിലെ പുരാതനമായ ക്രൈസ്തവ സഭകളിലൊന്നാണ് അസിറിയൻ സഭ. പൗരസ്ത്യ സഭ (Church of the East) എന്നാണ് സഭയുടെ ഔദ്യോഗിക പേര്. പൗരസ്ത്യ കൽദായ സുറിയാനി സഭ, പേർഷ്യൻ സഭ, നെസ്തോറിയൻ സഭ തുടങ്ങിയ പേരുകളിൽ ഈ സഭ അറിയപ്പെടുന്നു. ആഗോള തലത്തിൽ അസിറിയൻ സഭ എന്നും ഇന്ത്യയിലും കേരളത്തിലും കൽദായ സഭ എന്നുമാണ് ഇവർ പൊതുവെ അറിയപ്പെടുന്നത്. ഓറിയന്റൽ-ബൈസന്റയിൻ സഭകളിൽപെടാത്ത ഒരു ഓർത്തഡോക്സ് സഭയായി ഈ സഭയെ കരുതുന്നവരുണ്ട്. ആദ്യത്തെ രണ്ടു പൊതു സുന്നഹദോസുകളെ (നിഖ്യാ-325, കുസ്തന്തീനോപ്പോലീസ്-381) മാത്രം സ്വീകരിക്കുന്ന ഈ സഭ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന (428-431) നെസ്തോറിയോസിനെയും (386 – 450) മറ്റ് അന്ത്യോഖ്യൻ വേദശാസ്ത്രജ്ഞരെയും സഭാപിതാക്കന്മാരായി അംഗീകരിക്കുന്നു. പൗരസ്ത്യ സുറിയാനി (കൽദായ സുറിയാനി)യാണ് ആരാധന ഭാഷ.

വി. മാർതോമ്മാ ശ്ലീഹായുടെ പിൻഗാമികളായ സെലൂഷ്യാ-സ്റ്റെസിഫോൺ ആസ്ഥാനമായിരുന്ന പൗരസ്ത്യ കാതോലിക്കാമാരുടെ പരമ്പരയിൽപെടുന്ന ബാബിലോണിലെ കാതോലിക്കാ-പാത്രിയർക്കീസുമാരാണ് ഈ സഭയുടെ തലവൻ. പശ്ചിമേഷ്യയിൽ (ഇറാൻ, ഇറാക്ക്, ടർക്കി) വിവിധ സ്ഥലങ്ങൾ സഭ ആസ്ഥാനമാക്കിയിട്ടുണ്ട്. ഒരുകാലത്ത് വളരെ ശക്തമായിരുന്ന ഈ സഭ 15-ാം നൂറ്റാണ്ടോടെ ക്ഷയിച്ചു തുടങ്ങി. കുറെക്കാലമായി സഭയിൽ നിലനിന്ന പാത്രിയർക്കീസുമാരുടെ കുടുംബപാരമ്പര്യവാഴ്ചയെ എതിർത്ത ഒരു വിഭാഗം 1552ൽ റോമാസഭയിൽ ചേർന്ന് കൽദായ കത്തോലിക്കാ റീത്ത് രൂപീകരിച്ചു. ഇപ്പോൾ ഒരു പാത്രിയർക്കിസിന്റെ നേതൃത്വത്തിലുള്ള റോമൻ കത്തോലിക്കാ കൽദായ റീത്ത് അസിറിയൻ സഭയെക്കാൾ അംഗസംഖ്യയിൽ വലുതാണ്. കൽദായ സഭ എന്ന് ഇപ്പോൾ ലോകത്ത് പൊതുവെ അറിയപ്പെടുന്നത് ഇവരാണ്. ഇസ്ലാമിന്റെ മുന്നേറ്റവും ശക്തിക്ഷയത്തിനു കാരണമായി. 1968 ലെ ഭിന്നിപ്പോടെ പൗരസ്ത്യ അസിറിയൻ സഭയിൽ ഇപ്പോൾ രണ്ടു കക്ഷികളുണ്ട്.

Mar Dinkha IV Khanania (*Catholicos - Patriarch of the Holy Apostolic Catholic Assyrian Church of the East* - Chicago, USA), Mar Addai II Shimun Geevarghese (*Catholicos - Patriarch of the Ancient Apostolic & Catholic Assyrian Church of the East* - Baghdad, Iraq) എന്നിവരാണ് ഇരു വിഭാഗങ്ങൾക്കും ഇപ്പോൾ നേതൃത്വം നൽകുന്നത്. കൽദായ കത്തോലിക്കാ റീത്തിന് Mar Louis Raphael I Sako (*Chaldean Catholic Patriarch of Babylon* - Baghdad, Iraq) നേതൃത്വം നൽകുന്നു.

ഇന്ത്യയിലെ കൽദായ സഭയുടെ ആധുനികകാലത്തിന് രണ്ടു നൂറ്റാണ്ടിന്റെ ചരിത്രമാണുള്ളതെങ്കിലും ഉദയംപേരൂർ സുന്നഹദോസിനു (1599) മുമ്പുള്ള കാലഘട്ടത്തെ പാരമ്പര്യവും അവർക്ക് അവകാശപ്പെടാവുന്നതാണ്. കൽദായ സഭയുടെ ഇന്ത്യയിലെ ആസ്ഥാനം തൃശൂർ ആണ്. തൃശൂർ നഗരത്തിലെ ഏറ്റവും പുരാതനമായ ദൈവാലയത്തിന്റെ അവകാശികളാണ് കൽദായക്കാർ.

കൽദായ സഭയുടെ തൃശൂരിലെ പ്രഥമ മെത്രാൻ മാർ തോമ്മാ റോക്കോസ് (1861-1862) ആണ്. മാർ യോഹന്നാൻ ഏലിയാ മേലൂസ് (1874-1882) പിൻഗാമിയായി. ഇറാക്കിൽ നിന്ന് ഇവരെ അയച്ചത് കൽദായ കത്തോലിക്കാ പാത്രിയർക്കീസാണ്. പാലാ പ്ലാശനാൽ സ്വദേശിയായ മാർ ഔദീശോ തൊണ്ടനാട്ട് (1862 – 1900) ആണ് കൽദായ സഭയിൽ മെത്രാനാകുന്ന ആദ്യ ഭാരതീയൻ. മിഖായേൽ അഗസ്റ്റിൻ കോറെപ്പിസ്കോപ്പാ അഡ്മിനിസ്ട്രേറ്ററായി (1900 – 1908) പ്രവർത്തിച്ചു. ഈ കാലത്ത് കുർദിസ്ഥാനിലെ നെസ്തോറിയൻ പാത്രിയർക്കീസുമായി ബന്ധം പുനഃസ്ഥാപിച്ചു.

തുർക്കിക്കാരനായ മാർ അബീമലേക്ക് തിമോത്തിയോസ് മെത്രാപ്പോലീത്താ 1908 ൽ കേരളത്തിലെ സഭയുടെ ചുമതലയേറ്റു. അതോടെ യഥാർത്ഥ പൗരസ്ത്യ സുറിയാനി (നെസ്തോറിയൻ) പാരമ്പര്യം വീണ്ടെടുത്തു. അതിനു മുമ്പ് കൽദായ കത്തോലിക്കാ ബന്ധമാണുണ്ടായിരുന്നത്. മിഖായേൽ അഗസ്റ്റിൻ കോറെപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഒരു വിഭാഗം അദ്ദേഹത്തെ എതിർത്തു. 1911ൽ ആരംഭിച്ച വ്യവഹാരം 1925ൽ മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി അവസാനിച്ചു. തോറ്റ കക്ഷി റോമാ സഭയിൽ ലയിച്ചു. 1945ൽ മാർ തിമോത്തിയോസ് കാലം ചെയ്തു.

സിറിയാക്കാരനായ മാർ തോമ്മാ ധർമ്മോ മെത്രാപ്പോലീത്താ 1952-ൽ നിയമിക്കപ്പെട്ടു. 1961ൽ മാർ ഈശൈ ശിംഓൻ XXIII പാത്രിയർക്കീസ് കേരളം സന്ദർശിച്ചു. പാത്രിയർക്കീസും മെത്രാപ്പോലീത്തായും തമ്മിലുണ്ടായ അഭിപ്രായഭിന്നത വർദ്ധിച്ച് 1964ൽ മെത്രാപ്പോലീത്തായുടെ സസ്പെൻഷനിൽ കലാശിച്ചു. കേരളത്തിലെ സഭാ കൗൺസിൽ മെത്രാപ്പോലീത്തായെ പിന്തുണച്ചു. പാത്രിയർക്കീസിനെ അനുകൂലിച്ചവർ *ബാവാകക്ഷി* എന്നും മെത്രാപ്പോലീത്തായെ അനുകൂലിച്ചവർ *മെത്രാൻകക്ഷി* എന്നും അറിയപ്പെട്ടു.

വൈകാതെ വ്യവഹാരവും ആരംഭിച്ചു. 15-ാം ശതകം മുതൽ നിലനിൽക്കുന്ന പാത്രിയർക്കീസുമാരുടെ കുടുംബ പാരമ്പര്യവാഴ്ചയെയും 1964ൽ സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതിനെയും മെത്രാപ്പോലീത്താ എതിർത്തു.

മാർ തോമ്മാ ധർമ്മോ 1968 ൽ ബാഗ്ദാദിലേക്ക് മടങ്ങിപ്പോയി. കുടുംബപാരമ്പര്യവാഴ്ചയെയും കലണ്ടർ പരിഷ്കരണത്തെയും എതിർത്തവർ അദ്ദേഹത്തെ അനുകൂലിച്ചു. ഇറാക്ക് ഗവൺമെന്റ് അദ്ദേഹത്തെ ആകമാന പരമാധികാരിയി പ്രഖ്യാപിച്ചു. ഇറാക്കിലെ പള്ളികൾ അദ്ദേഹത്തെ ഏൽപിച്ചു. മലയാളികളായ മാർ അപ്രേം മെത്രാപ്പോലീത്തായും പൗലോസ് മാർ പൗലോസ് എപ്പിസ്കോപ്പായും കേരളത്തിലെ മെത്രാൻകക്ഷിക്കു വേണ്ടി 1968ൽ വാഴിക്കപ്പെട്ടു. മാർ തോമ്മാ ധർമ്മോ പാത്രിയർക്കീസായി വാഴിക്കപ്പെട്ടതോടെ അസിറിയൻ സഭ അഗോളതലത്തിലും പിളർന്നു. അദ്ദേഹം 1969ൽ കാലം ചെയ്തതോടെ ആ ഗ്രൂപ്പിന്റെ ശക്തി ക്ഷയിച്ചു. പിൻഗാമിയായി മാർ അദ്ദായി II ശീമോൻ ഗീവർഗീസ് 1972ൽ പാത്രിയർക്കീസായി ബാഗ്ദാദിൽ അവരോധിക്കപ്പെട്ടു.

ഫാ. അന്തോണി ചാക്കോളാ 1964 മുതൽ ബാവാകക്ഷിയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചു. ഈ കക്ഷിക്കു വേണ്ടി മാർ ഈശൈ ശിംഓൻ പാത്രിയർക്കീസ് 1971ൽ മലയാളിയായ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു. ഇതോടെ വ്യവഹാരം ശക്തമായി. യോജിപ്പിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടു. 1973ൽ പാത്രിയർക്കീസ് രാജിവച്ചു; 1975ൽ വധിക്കപ്പെട്ടു. (കൊലപാതകത്തിനു കാരണം കക്ഷിവഴക്കല്ല). പിൻഗാമിയായി മാർ ദിൻഹാ IV ഹനാനിയാ 1976ൽ ലണ്ടനിൽ സ്ഥാനാരോഹണം ചെയ്തു. ഇതോടെ പാത്രിയർക്കീസുമാരുടെ കുടുംബ പാരമ്പര്യവാഴ്ച അവസാനിക്കുകയും ഐക്യത്തിനുള്ള അന്തരീക്ഷം സംജാതമാകുകയും ചെയ്തു. യോജിപ്പിനുള്ള ചർച്ചകൾ വൈകാതെ ആരംഭിച്ചെങ്കിലും അന്നു വിജയിച്ചില്ല. സഭയിലെ യോജിപ്പ് ലക്ഷ്യമാക്കി ഇരു ഭാഗത്തെയും ഐക്യവാദികൾ ചേർന്ന ഒരു സംഘം പ്രവർത്തിച്ചിരുന്നു.

ബാവാകക്ഷിയിലെ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ ഷഷ്ടിപൂർത്തി 1980 ൽ ആഘോഷിച്ചപ്പോൾ മെത്രാൻ കക്ഷിയിലെ മാർ അപ്രേമും മാർ പൗലോസും സംബന്ധിച്ചത് ശ്രദ്ധേയമായി. ബാവാകക്ഷിയുടെ തലവനായ മാർ ദിൻഹാ പാത്രിയർക്കീസ് 1991ൽ കേരളത്തിലെത്തിയപ്പോൾ മെത്രാൻ കക്ഷി അവരുടെ ആസ്ഥാനത്ത് അദ്ദേഹത്തിന് സ്വീകരണം നൽകി. അന്നു നടത്തിയ ഐക്യശ്രമം പരാജയപ്പെട്ടെങ്കിലും ഇരുകക്ഷികളിലും ഐക്യപ്രതീക്ഷ വർദ്ധിക്കുന്നതിനിടയാക്കി. ആഗോള തലത്തിലുള്ള യോജിപ്പ് വൈകുമെന്ന് മനസ്സിലാക്കിയ പാത്രിയർക്കീസ് ഇന്ത്യയിലെങ്കിലും വൈകാതെ യോജിപ്പുണ്ടാക്കണമെന്ന് നിർദേശിച്ചു.

1995ൽ അന്തരീക്ഷം ആകെ മാറി. മാർ അപ്രേം മെത്രാപ്പോലീത്താ, മറുഭാഗത്തെ ബിഷപ്പ് മാർ ബാവായ് സോറോ യുമായും തുടർന്ന് മാർ ദിൻഹാ പാത്രിയർക്കീസുമായും ചർച്ച നടത്തി. മാർ നർസായ് മെത്രാപ്പോലീത്തായെയും ബിഷപ്പ് മാർ മിലീസ് സയ്യായെയും പാത്രിയർക്കീസ് കേരളത്തിലേക്ക് അയച്ചു. അവർ ഇരുവിഭാഗങ്ങളുമായി ചർച്ച നടത്തി.

ചർച്ച വിജയിച്ചതോടെ ഇന്ത്യയിലെ സഭയിൽ 1995 നവംബർ 13ന് ഐക്യമുണ്ടായി. ഇരു കക്ഷിയിലുമുണ്ടായിരുന്ന മൂന്നു മേൽപ്പട്ടക്കാരെയും പട്ടക്കാരെയും പരസ്പരം അംഗീകരിച്ചു. യോജിച്ച ഇന്ത്യൻ സഭ ഷിക്കാഗോ ആസ്ഥാനമായ (ബാവാകക്ഷിയുടെ) മാർ ദിൻഹാ പാത്രിയർക്കീസിനെ സഭാതലവനായി അംഗീകരിച്ചു. ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഏറ്റവും പ്രായം കൂടിയ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ എപ്പിസ്കോപ്പൽ കൗൺസിൽ ചെയർമാനും മാർ പൗലോസ് എപ്പിസ്കോപ്പാ സെക്രട്ടറിയും മാർ അപ്രേം ഭരണച്ചുമതലയുള്ള മെത്രാപ്പോലീത്തായും ആയിരിക്കണമെന്ന് നിശ്ചയിച്ചു. ഇരു ഭാഗത്തുണ്ടായിരുന്ന നാലു വീതം ട്രസ്റ്റിമാർ ഐക്യസഭയുടെ കേന്ദ്ര ട്രസ്റ്റിമാരായി. തുടർന്ന് 1962 മുതലുണ്ടായിരുന്ന കേസുകൾ പിൻവലിച്ചു.

പരിഷ്കരിച്ച ഭരണഘടന 1997ൽ നിലവിൽ വന്നു. എപ്പിസ്കോപ്പൽ കൗൺസിൽ ചെയർമാനായ മാർ തിമോത്തിയോസ് 1997 ൽ വിരമിച്ച് പാത്രിയാർക്കൽ ഡെലിഗേറ്റ് മാത്രമായി പ്രവർത്തിച്ചു. മാർ പൗലോസ് 1998 ലും മാർ തിമോത്തിയോസ് 2001ലും കാലംചെയ്തു. മാർ ദിൻഹാ പാത്രിയർക്കീസിന്റെ 2000-ലെ കേരള സന്ദർശനം ഐക്യം ഊട്ടിയുറപ്പിച്ചു. അദ്ദേഹം വീണ്ടും 2010ൽ കേരളത്തിലെത്തി മാർ ഔഗേൻ കുറിയാക്കോസ്, മാർ യോഹന്നാൻ ജോസഫ് എന്നീ രണ്ട് എപ്പിസ്കോപ്പാമാരെ വാഴിച്ചു. കേരളത്തിൽ ഇപ്പോൾ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായും രണ്ട് എപ്പിസ്കോപ്പാമാരുമുണ്ട്.

ആഗോള തലത്തിലും ഐക്യത്തിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനായി പല നിർദേശങ്ങളും ഉയർന്നുവരുന്നുണ്ട്. രണ്ടു പാത്രിയർക്കീസുമാരിൽ ആരെങ്കിലും ഒരാൾ കാലം ചെയ്താൽ അവശേഷിക്കുന്ന ആൾ ഐക്യസഭാതലവൻ ആകണമെന്നുള്ളതാണ് അവയിൽ ഒരു നിർദേശം.

കേരളത്തിലെ മാർതോമ്മാ സഭയിൽ, വിശ്വാസാചാരങ്ങളെ സംബന്ധിച്ച് 1952ലുണ്ടായ തർക്കങ്ങളെ തുടർന്ന് ആ സഭയിൽ നിന്ന് വേർപെട്ട് 1961 ലെ റിപ്പബ്ലിക്ക് ദിനത്തിൽ രൂപീകൃതമായ സഭയാണ് സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യ (ആസ്ഥാനം: തിരുവല്ലാ മഞ്ഞാടി). 1966ൽ ഈ സഭയിൽ ഭിന്നതയുണ്ടായതിനെ തുടർന്ന് 1971ൽ സെന്റ് തോമസ് ഇവാൻജലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ രൂപീകൃതമായി (ആസ്ഥാനം : കുമ്പനാട് കടപ്ര). അതോടെ വ്യവഹാരവും

ആരംഭിച്ചു. 1974 ൽ തുടങ്ങിയ ഐക്യ ശ്രമങ്ങൾ വിഫലമായി. ഫെലോഷിപ്പിൽ നിന്ന് ഒരു വിഭാഗം 1995ൽ മറുകക്ഷിയിൽ ചേർന്നു. 2000ൽ ഇരു വിഭാഗങ്ങളും ഉണ്ടാക്കിയ ധാരണയനുസരിച്ച് ആരംഭിച്ച ഐക്യശ്രമം വിജയിച്ചതോടെ 2007 ക്രിസ്മസ് ദിനത്തിൽ ഇരുവിഭാഗങ്ങളും ഒന്നായിത്തീർന്നു.

റഷ്യൻ ഓർത്തഡോക്സ് സഭയും റഷ്യയ്ക്കു പുറത്തുള്ള റഷ്യൻ ഓർത്തഡോക്സ് സഭയും 80 വർഷത്തെ ഭിന്നിപ്പിനു ശേഷം 2007 ൽ യോജിച്ചു. ക്രൈസ്തവ സഭകളിലെ പിളർപ്പും യോജിപ്പും ആദിമകാലം മുതലേ സർവസാധാരണമാണ്. ഇപ്പോൾ ഭിന്നിച്ചു നിൽക്കുന്ന എല്ലാ ഓർത്തഡോക്സ് സഭകളിലും ഐക്യചർച്ചകൾ നടക്കുന്നുണ്ട്. എത്യോപ്യൻ സഭയിൽ ഔദ്യോഗിക വിഭാഗവും രാജ്യത്തിനു പുറത്തുള്ള വിഭാഗവും (എക്സൈൽ സിനഡ്) തമ്മിലും ഐക്യചർച്ചകൾ നടക്കുന്നു. യുക്രൈനിൽ ഓർത്തഡോക്സ് സഭകൾ മൂന്നാണ് - റഷ്യൻ സഭയുടെ (മോസ്കോ പാത്രിയർക്കേറ്റ്) കീഴിലുള്ള വിഭാഗം, കീവ് പാത്രിയർക്കേറ്റ്, സ്വയംശീർഷക യുക്രൈനിയൻ സഭ. ഇവ മൂന്നും തമ്മിൽ ഐക്യചർച്ചകൾ നടക്കുന്നു. മോസ്കോ-കീവ് വിഭാഗങ്ങൾ ലയനം പ്രഖ്യാപിച്ചുകഴിഞ്ഞു.

മലങ്കര സഭയിൽ ഭിന്നതയുണ്ടായ കാലത്ത് (1911, 1975) ഉന്നയിച്ചിരുന്ന വാദങ്ങൾക്ക് ഇന്നു പ്രസക്തിയില്ലാതായി. കാലഹരണപ്പെട്ടതും കാലികപ്രസക്തിയില്ലാത്തും ഇന്നത്തെ ക്രൈസ്തവലോകത്തിന്റെ ഘടനയ്ക്കു യോജിക്കാത്തതുമായ വാദങ്ങൾ ഉന്നയിച്ചാണ് മലങ്കര സഭയുടെ ഐക്യം തകർക്കുന്നത്. ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിന്റെ അനുഗാമികളായ, രണ്ടായിരം വർഷത്തെ പാരമ്പര്യം ഘോരഘോരം ഉദ്ഘോഷിക്കുന്നവർ എന്തു ക്രൈസ്തവസാക്ഷ്യമാണ് ലോകത്തിന് നൽകുന്നത് എന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും.

*കടപ്പാട്: ജോർജ്ജിയൻ മിറർ*

**കവിത**

# എല്ല്

**ഡോ. ചാണ്ടി പോൾ**

എന്തൊരു തിരക്കാണ-
ക്കുന്നിലിന്നലെ മുതൽ,
അന്തിയായിട്ടും ജനം
വന്നുകൊണ്ടിരിക്കുന്നു!
പള്ളിയുണ്ടിവിടെ,യ-
ക്കുരിശിൻ പരിസര-
ത്തെള്ളുവീഴുവാനിട-
മില്ല, തിങ്ങുന്നൂ വഴി!
പള്ളപ്പാഴ്ച്ചെടി മാറ്റി...
ക്കുഴിച്ചു പണിയെന്തോ
പള്ളിയങ്കണത്തിൽ ചെ-
യ്തീടുവാനൊരുങ്ങുമ്പോൾ
കൊള്ളുന്നൂ പണിത്തൂമ്പ
നന്നങ്ങാടിയിൽ, "നന്ന്,
വല്ലതും വിലപ്പെട്ട
തുള്ളിലുണ്ടാകാം, ഭാഗ്യം!"
എന്നോർത്തു പണിക്കാരും
പള്ളിതൻ കാര്യക്കാരും
ഒന്നാകെത്തിരക്കിട്ടു
ഭീമഭാജനം പൊക്കി-
യുള്ളുകാണുവാനാർത്തി-
യോടതു തുറക്കവേ
എല്ലുമാത്രമേ കണ്ട-
തുള്ളു മണ്ണിനോടൊപ്പം!
കുണ്ഠിത!മിച്ഛാഭംഗം!
കൂട്ടത്തിലൊരാളോതി:-
"പണ്ടുപണ്ടൊരു പുണ്യ-
വാളനെക്കുഴിച്ചിട്ട-
തിങ്ങുതന്നെയാണെന്നെ-
ന്നപ്പൂപ്പനൊരു നാളിൽ
ഞങ്ങൾ തൻ കുഞ്ഞുന്നാളിൽ,
പറഞ്ഞാൻ സത്യം, സത്യം!"
"നേരു,നേര്!" ഉടൻ പള്ളി-
മണിയും മുഴക്കിയ-
ന്നാരവം പിന്നെപ്പറ-
ഞ്ഞീടണോ? ജനം തിങ്ങി!
അറിവുള്ളവർ പോലും
മൗനമോരുന്നൂ: "പെരും-
വരുമാനമാണുന്നം
നാടിനും നടയിലും!"
ദേവാലയത്തിന്നുള്ളിൽ
വാണിഭം നടത്തിയ
ദാനവന്മാരെത്തല്ലി-
പ്പുറത്താക്കിയോരേശു-
ദേവനെയെന്നേ ഞങ്ങൾ
മറന്നൂ! പ്രിയവര-
ദായകർ, വിശുദ്ധന്മാ,-
രെത്രയോ നിരക്കുന്നു!
നേരിട്ടു പിതാവൊന്നും
കേൾക്കുകയില്ലെന്നാവാം
പേരെഴും വിശുദ്ധന്മാർ
പറഞ്ഞാൽ ചെവിക്കൊള്ളും!
ശീലമായ്, ഞങ്ങൾ ഇന്നൊ-
രിടയാളില്ലാതൊന്നു-
പോലുമുന്നയിച്ചീടാൻ
വയ്യാത്ത പരതന്ത്രർ!
നിഴലേ ഞങ്ങൾക്കിന്നു
'സത്യം'! ആ സജീവമാം
മൊഴിയോ വെറും 'മിഥ്യ'!
മിഥ്യയാമെല്ലാം സത്യം!

**വേദാന്തം**

# അനുകരണ ശ്രുതി

ഫാ. അബി തട്ടക്കുഴ

മജീദെന്ന ഒരു ഹദീസ് മിസ്റ്റിക്കിനെപ്പറ്റി വായിച്ചറിഞ്ഞിട്ടുണ്ട്. ആരും പൂർണ്ണമായി അയാളെ തിരിച്ചറിഞ്ഞിരുന്നില്ല. പക്ഷേ, അദ്ദേഹം യഥാർത്ഥത്തിൽ വളരെ മൗലീകതയുള്ള ആളായിരുന്നു. അയാൾ മരിക്കുകയായിരുന്നു. അപ്പോളാരോ ചോദിച്ചു. ''മജീദ് നിന്നെ മോശയെപ്പോലെയാക്കാനായി ദൈവത്തോടു പ്രാർത്ഥിച്ചു കൂടെ''? മജീദ് മൊഴിഞ്ഞു. ''നിർത്ത്, ഞാൻ മരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ഒന്നും പറയാതെ. ഈശ്വരൻ എന്നോട് ചോദിക്കില്ല, നീ എന്തുകൊണ്ട് മോശയായില്ല?'' അദ്ദേഹം ചോദിക്കും. ''മജീദേ, എന്തുകൊണ്ട് നീയൊരു യഥാർത്ഥ മജീദായില്ല?'' എന്ന്.

മൗലീകതയറ്റ വ്യക്തികളുടെ സമൂഹം യഥാർത്ഥത്തിൽ മരിച്ച മനുഷ്യരുടെ സമൂഹമാണ്. അനുകരിച്ച് ജീവിച്ച് സത്ത മരിച്ചുപോയ ശരാശരി മനുഷ്യനെപ്പറ്റി, ''മുപ്പതിലൊരാൾ മരിക്കുന്നു, അറുപതിലോ എഴുപതിലോ അയാളെ മറവു ചെയ്യുന്നു''. എന്ന് സൂഫി യാതി പറയുന്നുണ്ട്. സ്വന്തമായൊരു വാക്കുച്ചരിക്കാനാവാതെ, ഒരുപോലുള്ള ഭക്ഷണം കഴിച്ച്, ഒരുപോലുള്ള വസ്ത്രം ധരിച്ച്, ഒരുപോലുള്ള സംഭാഷണ ശൈലി സ്വീകരിച്ച്, ഒരുപോലുള്ള ഭീരുത്വം കാണിച്ച്, ഒരുപോലെ അഴുകി ദുർഗന്ധംവമിച്ച് ജീവിച്ച്, മുതിർന്നവരെ, വലിയവരെ, ബാഹ്യമായ ഗ്ലാമറുള്ളവരെ എന്തിലും ഏതിലും അനുകരിച്ചനുകരിച്ച് തീർത്തും മൃതരായ വ്യക്തികളുടെ ഒരു കൂട്ടമായി ലോകം മാറിയിരിക്കുന്നു.

മതങ്ങൾ, പാർട്ടികൾ, സംഘടനകൾ എന്നിവയൊക്കെ വ്യക്തിത്വമില്ലാത്ത എന്തുപറഞ്ഞാലും അനുസരിക്കുന്ന 'അതെ', അതെ പറയുന്ന ''ഫസ്റ്റ് ഹാൻഡ്''ല്ലാത്ത മനുഷ്യരെ കൊണ്ടു നിറഞ്ഞിരിക്കുന്നു. അത്തരം സമൂഹത്തിൽ നിന്ന് മൗലീകതയുള്ള ഒരു ശബ്ദം പോലും ലോകത്തിനു കേൾക്കാനാവുന്നില്ല. അത്തരം മനുഷ്യരുടെ സംഘങ്ങളാണ് പഴയ 'മാറാടു'കൾക്ക് 'ഗുജറാത്തു'കൾക്ക് അതുപോലുള്ള മതവർഗ്ഗീയ കലാപങ്ങൾക്ക് പിന്നിലുള്ളത്.

ഒന്നും പുരളാത്ത പുതിയൊരു മനസ്സോടെ ലോകത്തെ കാണുമ്പോൾ അത് പുതിയ ഒരു കാഴ്ചയാണ്. ഒരാശയത്താലും ചിന്തയാലും സ്വാധീനിക്കപ്പെടാത്ത കാഴ്ചയാണ്. ജീവിതത്തെ അങ്ങനെ കണ്ട്, അതിനനുസരിച്ച് പറയുമ്പോഴാണ് ഒരു എഴുത്തുകാരന്റെ വാക്കുപോലും പുതിയതാകുന്നത്. അനുകരിക്കാത്തതാകുന്നത്. ക്രൈസ്തവജീവിതത്തിന്റെ പ്രയോക്താവ് ക്രിസ്തു അത്തരം ഒരു മനുഷ്യനായിരുന്നു. മതത്തിന്റെ, ആത്മീയതയുടെ പാതയിൽ അന്നുവരെയുണ്ടായ ഒരു പാതയെയും അനുകരിക്കാത്ത ഒരു പുതിയ അവബോധത്തിന്റെ അതുല്യമോഹനമായ ഒരു ദർശനമായിരുന്നു യേശുക്രിസ്തുവിന്റേത്.

അനുകരിക്കുന്ന സ്വഭാവം, താരതമ്യം ചെയ്യുന്ന സ്വഭാവം കുട്ടികളിലെ മൗലീകത തീർത്തും നശിപ്പിച്ചുകളയുന്നു. തികഞ്ഞ മൗലീകതയോടെ ജനിക്കുന്ന ഓരോ കുട്ടിയും സ്കൂളുകളിലും വീടുകളിലും ഒക്കെ ''നീ മാർക്കധികം നേടിയ, അധികം മിടുക്കുള്ള അവനെപ്പോലെയാകൂ, അവളെപ്പോലയാകൂ'' എന്ന തെറ്റായ ബോധത്താൽ വളർത്തപ്പെടുകയും തന്നിലെ മൗലികമായ ശേഷി കണ്ടെത്താനോ പോഷിപ്പിക്കാനോ കഴിയാതെ, ശിഥിലമായ മനസ്സോടെ ജീവിക്കുകയും ഈ താളഭംഗം അയാളുടെ ആകെ ജീവിതത്തിലുണ്ടാകേണ്ട സ്വൈര്യത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

ദൈവമൊരു വൃക്ഷം സൃഷ്ടിച്ചു. വൃക്ഷമായി സൃഷ്ടിക്കപ്പെട്ടത് ദൈവമനസ്സിലുള്ള വൃക്ഷ സങ്കൽപത്തിന്റെ അനുകരണം. അതിനെ ഒരു കലാകാരൻ അനുകരിക്കുമ്പോൾ ആ വൃക്ഷം ''അനുകരണത്തിന്റെ അനുകരണത്തിന്റെ അനുകരണം'' മാത്രം. അതുകൊണ്ടാണ്, ''അനുകരണത്തിന്റെ അനുകരണത്തിന്റെ അനുകരണമാണ് കല'' എന്ന് പ്ലേറ്റോ പറഞ്ഞത്. അനുകരിക്കുന്ന സ്വഭാവത്തിനു നേരെ തീവ്രമായി പ്രതികരിച്ച സെൻഗുരുവായിരുന്നു ഹുയാറ്റി, ധ്യാനത്തെപ്പറ്റി ആരെങ്കിലും വല്ല ചോദ്യവും ഉന്നയിച്ചാൽ അതിനു മറുപടി പറയുന്നതിനു പകരം തന്റെ ചൂണ്ടുവിരൽ ഉയർത്തി കാട്ടുക പതിവായിരുന്നു. ഒരു യുവശിഷ്യൻ അത് അനുകരിക്കാൻ തുടങ്ങി. ശിഷ്യന്റെ അനുകരണത്തെപ്പറ്റിയറിഞ്ഞ ഗുരു ഇതു ശരിയോ എന്നറിയാൻ ശിഷ്യനെ വിളിപ്പിച്ചു. ശരിയാണെന്നു ശിഷ്യൻ സമ്മതിച്ചു. ''തനിക്കതു മനസ്സിലായോ'' എന്ന് ഗുരു അയാളോടാരാഞ്ഞു. മറുപടി പറയവേ ശിഷ്യൻ തന്റെ ചൂണ്ടുവിരൽ ഉയർത്തിക്കാട്ടി. ഗുരു അപ്പോൾത്തന്നെ ആ വിരൽ മുറിച്ചിട്ടു. അയാൾ വേദനകൊണ്ട് ആർത്തുവിളിച്ച് മുറിയിൽ നിന്ന് ഇറങ്ങിയോടി. നിലവിളിയുടെ മൂർദ്ധന്യത്തിൽ ഗുരു അവനെ വിളിച്ചു. ''കുട്ടീ....'' അവൻ മുഖം തിരിച്ചു നോക്കിയപ്പോൾ ഗുരു തന്റെ ചൂണ്ടുവിരൽ ഉയർത്തിക്കാട്ടി. ആ നിമിഷം ശിഷ്യൻ പരമമായ ആനന്ദത്തിലെത്തി, പ്രബോധിതനായി.....!

## ആശംസകൾ

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ അതിന്റെ എല്ലാ വായനക്കാർക്കും തിരുപ്പിറവിയുടെയും പുതുവത്സരത്തിന്റെയും ഉഷ്മളാശംസകൾ നേരുന്നു.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

## പെരുന്നാൾ, ക്രിസ്മസ്, നവവത്സരാഘോഷങ്ങൾ

മൂവാറ്റുപുഴ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. തോമാശ്ലീഹായുടെ രക്തസാക്ഷിദിനം, ക്രിസ്മസ്, നവവത്സരപ്പിറവി എന്നിവ 2013 ഡിസംബർ 15-ാം തീയതി ഞായറാഴ്ച മുതൽ 31-ാം തീയതി ചൊവ്വാഴ്ച വരെ വിവിധ പരിപാടികളോടെ ആഘോഷപൂർവ്വം കൊണ്ടാടുന്നു. 15-ാം തീയതി ഞായറാഴ്ച രാവിലെ വി. കുർബ്ബാനയ്ക്കുശേഷം പെരുന്നാൾ കൊടിയേറ്റ് നടക്കും. അന്നുരാത്രി മുതൽ 23-ാം തീയതി വരെ രാത്രി തോറും ക്രിസ്മസ് കാരൾപ്രോഗ്രാം ഉണ്ടായിരിക്കും. പെരുന്നാൾ ദിവസങ്ങൾ 21, 22 (ശനി, ഞായർ) തീയതികളാണ്. 21-ാം തീയതി രാവിലെ 6.30 ന് പ്രഭാതനമസ്കാരവും വൈകിട്ട് 6.00 ന് സന്ധ്യാനമസ്കാരവും നടക്കും. തുടർന്ന് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് വചന ശുശ്രൂഷ നിർവ്വഹിക്കും. 7.30 ന് ആരംഭിക്കുന്ന ആഘോഷപൂർവ്വമായ പ്രദക്ഷിണം ആരക്കുഴ റോഡുവക്കിലുള്ള സെമിത്തേരിയിലെത്തി ധൂപപ്രാർത്ഥന നടത്തി തിരികെ വരും. തുടർന്ന് നടക്കുന്ന അത്താഴ വിരുന്നോടെ അന്നത്തെ പരിപാടികൾ സമാപിക്കും. പ്രധാന പെരുന്നാൾ 22-ാം തീയതി ഞായറാഴ്ചയാണ്. അന്നുരാവിലെ അഭി. തിരുമേനിയുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാന നടക്കും. കാഴ്ചവസ്തുക്കളുടെ ലേലം, പ്രദക്ഷിണം, ആശീർവ്വാദം എന്നിവയ്ക്ക് ശേഷം സ്നേഹവിരുന്നോടെ പെരുന്നാൾ ചടങ്ങുകൾ പര്യവസാനിക്കും. ക്രിസ്മസ് ആരാധന 24-ാം തീയതി ചൊവ്വാഴ്ച 8.00 p.m. ന് ആരംഭിച്ച് പാതിരാത്രിയോടെ അവസാനിക്കും. പുതുവത്സരാഘോഷച്ചടങ്ങുകൾ 31-ാം തീയതി ചൊവ്വാഴ്ച രാത്രി 8.00 ന് ആരംഭിക്കും. 10.30 ന് വി. കുർബ്ബാനയും അർദ്ധരാത്രിയിൽ സ്നേഹവിരുന്നും നടക്കും.

## വാർഡ് ഉദ്ഘാടനവും ലോഗോ-ബ്രോഷർ പ്രകാശനവും

കൂത്താട്ടുകുളം: കഴിഞ്ഞ നാലുവർഷമായി വടകരയിൽ പ്രവർത്തിച്ചുവരുന്ന സന്തുലട്രസ്റ്റ് ആശുപത്രിയിൽ പുതുതായി നിർമ്മിച്ചിരിക്കുന്ന രണ്ട് വാർഡുകളുടെ ഉദ്ഘാടനവും 2014 നവംബറിൽ സന്തുല ആതിഥ്യം നൽകുന്ന Bridging Spirituality and Science of Mind എന്ന വിഷയം ആസ്പദമാക്കിയുള്ള രാജ്യാന്തര സമ്മേളനത്തിന്റെ ലോഗോ, ബ്രോഷർ എന്നിവയുടെ പ്രകാശനവും 2013 ഡിസംബർ 22-ാം തീയതി കേന്ദ്ര മന്ത്രി ബഹു. വയലാർ രവി നിർവ്വഹിക്കുന്നതാണ്. അന്ന് വൈകുന്നേരം 4.00 ന് സന്തുലയിലെത്തുന്ന ബഹു. മന്ത്രിക്കും മറ്റ് വിശിഷ്ടാതിഥികൾക്കും ഊഷ്മളമായ വരവേല്പ് നൽകും. 4.30 ന് ആരംഭിക്കുന്ന പൊതുസമ്മേളനത്തിൽ സന്തുല ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ആദ്ധ്യക്ഷം വഹിക്കും. സന്തുല ആശുപത്രി ഡയറക്ടർ ഫാ. എഡ്വേർഡ് ജോർജ്ജ് അതിഥികൾക്കും സദസ്യർക്കും സ്വാഗതം ആശംസിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പിള്ളി, വൈസ് പ്രസിഡന്റ് ആശാ സനൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐഷ മാധവ്, വൈസ് പ്രസിഡന്റ് ജോസഫ് ബാബു, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സീന ജോൺസൺ, വാർഡ് മെമ്പർ ലിസി ജോൺ, മുൻ എം.എൽ.എമാരായ ജോണി നെല്ലൂർ, എം.ജെ. ജേക്കബ്, മൂവാറ്റുപുഴ ഐ.എം.എ. പ്രസിഡന്റ് ഡോ. മോഹൻ മർക്കോസ്, സന്തുല ചാരിറ്റബിൾ ട്രസ്റ്റ് വൈസ്പ്രസിഡന്റ് തോമസ് പുളിക്കീൽ എന്നിവർ ആശംസകൾ നേരും. ട്രസ്റ്റ് സെക്രട്ടറി എൻജി. എ. പി. സെൽവിൻ നന്ദി പ്രകാശിപ്പിക്കും. ആശുപത്രിയുടെ സെൻട്രൽ ഏട്രിയത്തിൽ ചേരുന്ന സമ്മേളനത്തിൽ പ്രത്യേക ക്ഷണിതാക്കളാണ് പങ്കെടുക്കുന്നത്.


**SANTHULA TRUST HOSPITAL**
**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**



*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 100-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015

**DIOCESAN BULLETIN**

Date of Publication 15-12-2013
Price Rs. 10/-

## പഠനശില്പശാലയും പ്രദർശനവും നടന്നു

കൂത്താട്ടുകുളം: പഠനത്തിൽ പിന്നാക്കക്കാരായ വിദ്യാർത്ഥികളുടെ തത്സംബന്ധമായ ബുദ്ധിമുട്ടുകളും വൈകല്യങ്ങളും മനസ്സിലാക്കി വിജ്ഞാന സംമ്പാദനത്തിൽ അവരെ കൂടുതൽ ഉത്സുകരാക്കുന്ന ബോധന രീതികളും ക്രിയകളും അവലംബിക്കുന്നതിന് അധ്യാപകരെ സജ്ജമാക്കുന്നതിനായി മനോരോഗ ചികിത്സാവിദഗ്ദ്ധർ, മനശാസ്ത്രജ്ഞർ, ശിശുരോഗ ചികിത്സകർ, അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് വടകരയിലുള്ള സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിന ശില്പശാലയും പ്രദർശനവും 2013 ഡിസംബർ 8–ാം തീയതി ഞായറാഴ്ച നടന്നു. ആശുപത്രി ഓഡിറ്റോറിയത്തിൽ 11 a.m. ന് ആരംഭിച്ച സമ്മേളനത്തിൽ ആശുപത്രി ഡയറക്ടറും മുഖ്യക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ജസി ജോസഫ് പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സന്തുലാ ചാരിറ്റബിൾ ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കിൽ, മൂവാറ്റുപുഴ വിദ്യാഭ്യാസ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സി. ഇ.സന്തോഷ് എന്നിവർ പരിപാടികൾക്ക് ആശംസകൾ നേർന്നു. പഠനവൈകല്യനിർണ്ണയ–പരിഹാരോപാധികളുടെ പ്രദർശനവും ഉണ്ടായിരുന്നു. സന്തുല ആശുപത്രി പബ്ലിക് റിലേഷൻസ് ഓഫീസർ ജോസഫ് ബേബി കൃതജ്ഞത പ്രകാശിപ്പിച്ചു.

ഉദ്ഘാടന സമ്മേളത്തെ തുടർന്ന് വിദ്യാർത്ഥികളിൽ കാണുന്ന താണ വൈജ്ഞാനിക നേട്ടങ്ങൾക്ക് കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും അത്തരക്കാർക്കു വേണ്ടി അവലംബിക്കേണ്ട പ്രത്യേക ബോധന രീതികളും ക്രിയകളും വിശദീകരിച്ചുകൊണ്ട് ആലപ്പുഴ മെഡിക്കൽ കോളജ് മാനസ്സികാരോഗ്യ ചികിത്സാവിഭാഗം മേധാവി ഡോ. വർഗീസ് പുന്നൂസ് സന്തുലട്രസ്റ്റ് ആശുപത്രിയിലെ ചീഫ് സൈക്കിയാട്രിസ്റ്റ് ഡോ. നിഷാദ് കോയ, ഫാ. എഡ്വേർഡ് ജോർജ്ജ്, എഡ്യൂക്കേഷണൽ തേറാപ്പിസ്റ്റ് ശാലിനി ജൂലി മാത്യൂ, ചീഫ് സൈക്കോളജിക്കൽ സോഷ്യൽ വർക്കർ ദീപ്തി കൃഷ്ണൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. കൂത്താട്ടുകുളം രാജീവ്ഗാന്ധി കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റലിലെ ശിശുരോഗ ചികിത്സാ വിദഗ്ധനായ ഡോ. കെ ബിനോയ്, കോലഞ്ചേരി മെഡിക്കൽ കോളേജിലെ ഡോ. നോബിൾ ജോർജ്ജ് തുടങ്ങിയവർ നടത്തിയ അനുപൂരക പ്രതികരണങ്ങൾ വിഷയവിശദീകരണത്തിനു സഹായകമായി. സദസ്യർ ഉന്നയിച്ച സംശയങ്ങൾക്ക് ക്ലാസ്സുകൾ കൈകാര്യം ചെയ്തവർ മറുപടി നൽകി.

സമാപന സമ്മേളനത്തിൽ സന്തുല ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ആധ്യക്ഷം വഹിച്ചു. ശില്പശാലയുടെ വിജയകരമായ നടത്തിപ്പിൽ സന്തോഷം രേഖപ്പെടുത്തിയ തിരുമേനി 2014 നവംബറിൽ സന്തുലയുടെ ആഭിമുഖ്യത്തിൽ നടത്താൻ ക്രമീകരണങ്ങൾ ചെയ്തുവരുന്ന മാനസീക–ആദ്ധ്യാത്മീക ആരോഗ്യവിദഗ്ധരുടെ ആഗോള സമ്മേളനം സംബന്ധിച്ചും പരാമർശം നടത്തുകയുണ്ടായി.

## ധ്യാനയോഗം

പ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ ഈ വർഷത്തെ ത്രൈമാസ പദ്ധതി പഠനത്തിനായി സ്ത്രീശാക്തീകരണം ലക്ഷ്യം വച്ച് തിരഞ്ഞെടുത്തിട്ടുള്ളത് പെൺമയുടെ നന്മ എന്ന വിഷയമാണ്. യൽദോ നോമ്പുകാലത്തെ ധ്യാനങ്ങളിൽ ഈ വിഷയം പഠനത്തിനും ചിന്തയ്ക്കുമായി വിനിയോഗിക്കണമെന്ന് ഭദ്രാസന വനിതാ സമാജം ആഗ്രഹിക്കുന്നു. അതിന്റെ ഭാഗമായി 2013 ഡിസംബർ 17–ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ഒരു ധ്യാന യോഗം മൂവാറ്റുപുഴ അരമനച്ചാപ്പലിൽ നടക്കുന്നതാണ്. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതും സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതുമാണ്. യോഗത്തിലെ പ്രത്യേക ചിന്താ വിഷയം 'കൂട്ടവകാശികളും ഒരേ ശരീരത്തിലെ അവയവങ്ങളും, യേശുക്രിസ്തുവിൽ വാഗ്ദാനത്തിന്റെ പങ്കാളികളും' (എഫേസ്യർ 3:6) എന്നതാണ്. ഫാ. എബ്രഹാം കാരാമ്മേൽ ഈ വിഷയം അവതരിപ്പിച്ച് മുഖ്യപ്രഭാഷണം നിർവ്വഹിക്കും. ശാലിനി ജൂലി മാത്യൂ, മീനു മറിയം ജോസഫ് എന്നിവർ അനുബന്ധ പ്രസംഗങ്ങൾ നടത്തും. ജിജി ജോൺസൺ വേദപഠന ക്ലാസ്സ് നയിക്കും.






Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha